കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

സുൽത്താൻ ബത്തേരി നഗരസഭ

ഓഡിറ്റ് റിപ്പോർട്ട്

2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.i

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം.2-143/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കൽപ്പറ്റ - 673121
ഫോൺ: 04936-203672
e-mail:dowyd.ksad@kerala.gov.in
തിയ്യതി: 30/03/2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

സുൽത്താൻ ബത്തേരി നഗരസഭ

സർ,

വിഷയം : സുൽത്താൻ ബത്തേരി നഗരസഭ -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്.

*********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സുൽത്താൻ ബത്തേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2,2-6,2-7,2-13 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1,3-2,3-3,3-18 ,3-19ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം സുൽത്താൻ ബത്തേരി നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുൻസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 ലെ കേരള മുൻസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)(3)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

പകർപ്പ് :

1. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. റിജീയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യ വകുപ്പ് ,കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ള്യ.വൈ.ഡി).എം2/143/2019

തിയ്യതി:30/03/2019

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുൻസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.06.17 മുതൽ 31.03.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം 39 ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ.പി.മോഹനൻ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.02.2019മുതൽ.08.03.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ഒ.കെ.അഗസ്റ്റ്യൻ,<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിന്ദു. കെ.കെ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.അലി.അക്ബർ<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി.ഷാജി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.പി.ജയൻ,ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീ.സി.കെ.സഹദേവൻ | 1.4.17 – 31.3.18 |
| ഡെപ്യൂട്ടി ചെയർപേഴ്സൺ | ശ്രീമതി.ജിഷ ഷാജി | 1.4.17 – 31.3.18 |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീ.ടി.എൽ .സാബു | 1.4.17 – 31.3.18 |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി.പി.കെ.സുമതി | 1.4.17 – 31.3.18 |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ | ശ്രീ.ബാബു അബ്ദുറഹിമാൻ | 1.4.17 – 31.3.18 |

| | | |
|---|---|---|
| (ആരോഗ്യം ) | | |
| സ്റ്റാൻഡിംഗ്കമ്മിറ്റിചെയർമാൻ (വിദ്യാഭ്യാസം) | ശ്രീ.വൽസ ജോസ് | 1.4.17 – 31.3.18 |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (പൊതുമരാമത്ത് ) | ശ്രീമതി.എൽസി പൌലോസ് | 1.4.17 – 31.3.18 |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.സി.ആർ .മോഹനൻ | 1.4.17 മുതൽ<br>31.5.17 വരെ |
| | ശ്രീ.കെ.മുനവർ,അസി.എഞ്ചിനീയർ (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.06.17 മുതൽ 02.07.17വരെ |
| | ശ്രീ.പ്രവീൺ .എ. | 03.07.2017 മുതൽ 31.3.18വരെ |
| അസി.എഞ്ചിനീയർ | ശ്രീ.കെ.മുനവർ | 01.04.2017 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.സിന്ധു | 01.04.2017 മുതൽ 31.3.18 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.റജീന.എം.വി | 01.04.2017 മുതൽ 31.05.17വരെ |
| | ശ്രീമതി.ലൂസി | 01.06.17 മുതൽ 04.10.17 വരെ |
| | ശ്രീമതി.സാലി.ഇ.വി | 05.10.17 മുതൽ 31.3.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.അനിൽകുമാർ.പി. | 1.4.17 മുതൽ<br>04.06.17 വരെയും<br>07.07.17 മുതൽ 30.11.2017 വരെയും |
| | ഡോ.സജി ജോസഫ് | 05.06.17 മുതൽ 06.07.17 വരെ |
| | ഡോ.ജയേഷ്.വി. | 01.12.17 മുതൽ 21.03.18 വരെ |
| | ഡോ.ഹനീഫ കോയ | 22.03.18 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സുമിന.റ്റി.എസ്. | 01.04.2017 മുതൽ 31.3.18 വരെ |
| പ്രിൻസിപ്പാൾ | ശ്രീ.എ.കെ.കരുണാകരൻ | 01.04.2017 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ഹരിലാൽ .കെ.എൻ | 01.04.2017 മുതൽ 31.3.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രജീഷ .പി.പി | 01.04.2017 മുതൽ 31.3.18 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഗിരിജ.കെ.കെ | 01.04.2017 മുതൽ 31.3.18 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ (TAH) | ഡോ.ബൈജു.കെ.വി | 01.04.2017 മുതൽ 08.06.17 വരെ |
| | ഡോ.പി.എം.മോഹനൻ | 09.06.17 മുതൽ 31.3.18 വരെ |

ഉള്ളടക്കം

| ക്രമ നം. | വിവരണം | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതിനടത്തിപ്പ് കാര്യക്ഷമമല്ല | 1-6 |
| 7 | തൊഴിലുറപ്പുപദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | രശീത് പിരിവ് -രേഖകൾ കൃത്യമായും പൂർണ്ണമായും ഹാജരാക്കാത്തത് | 2-1 |
| 13 | പ്രതിദിനകളക്ഷൻ അടവാക്കുന്നത് തെറ്റായ രീതിയിൽ ക്യാഷ്ബുക്കിൽ ചേർക്കുന്നു | 2-2 |
| 14 | പരസ്യനികുതി -രസീതുകൾ പരിശോധനക്ക് ഹാജരാക്കിയില്ല. | 2-3 |
| 15 | കുടുംബശ്രീ മുഖേന കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് -പിരിവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 2-4 |
| 16 | ബസ് സ്റ്റാൻഡ് ഫീസ്-ലേലം കൊണ്ട തുക മുഴുവനും അടവാക്കിയില്ല | 2-5 |
| 17 | കെട്ടിടവാടക-മുറികൾ ഒഴിഞ്ഞുകിടക്കുന്നു-ഭീമമായ കുടിശ്ശിക | 2-6 |
| 18 | നഗരസഭാസ്റ്റേഡിയം വാടകക്ക് നൽകി-കാരാർ പ്രകാരമുള്ള പ്രവൃത്തികൾ ചെയ്തില്ല. | 2-7 |
| 19 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 2-8 |
| 20 | വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ കുറവ് | 2-9 |
| 21 | കെട്ടിടനിർമ്മാണപെർമിറ്റ് അനുവദിക്കുന്നതിന് ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല | 2-10 |
| 22 | കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമല്ലാതെ നിർമ്മാണപ്രവർത്തനങ്ങൾ | 2-11 |
| 23 | കെട്ടിടവാടക-നിയമാനുസൃതമല്ലാതെ ഇളവ് നൽകി-വർഷങ്ങളായുള്ള കുടിശ്ശിക ഈടാക്കിയില്ല. | 2-12 |
| 24 | ആധുനിക മത്സ്യമാർക്കറ്റ് പ്രവർത്തനക്ഷമമായില്ല | 2-13 |
| 25 | നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതിരൂപീകരണം | 3-1 |
| 26 | തനതുഫണ്ട് ചെലവ് വൌച്ചറുകൾ -ക്രമമായി സൂക്ഷിക്കാത്തത് | 3-2 |
| 27 | ലൈഫ് ഭവനപദ്ധതി-എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ അപാകങ്ങൾ | 3-3 |
| 28 | എസ്.എസ്.എ.ക്ക് തുക നൽകി -മോണിട്ടറിംഗ് നടത്തിയിട്ടില്ല | 3-4 |
| | അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി-ബാങ്ക് ചാർജ്ജ് ഈടാക്കിയത് | 3-5 |
| 29 | മരുന്നുകൾ ലഭ്യമാക്കിയില്ല | 3-6 |
| 30 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അധികം തുക സബ്സിഡി നൽകി | 3-7 |
| 31 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചില്ല | 3-8 |
| 32 | വർക്കിംഗ് ഗ്രൂപ്പിൽ ആവശ്യപ്പെടാത്ത പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല | 3-9 |
| 33 | പട്ടികജാതിവിദ്യാർത്ഥിനികൾക്ക് നിഘണ്ടു.-ലക്ഷ്യം കൈവരിച്ചില്ല. | 3-10 |

| | | |
|---|---|---|
| 34 | പട്ടികജാതിവിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകങ്ങൾ | 3-11 |
| 35 | അദ്ധ്യാപകരുടെ യാത്രയയപ്പ്-നഗരസഭാഫണ്ട് ചെലവഴിച്ചു | 3-12 |
| 37 | അസി.എഞ്ചിനീയർ പദ്ധതി നടപ്പാക്കിയതിലെ പൊതു അപാകങ്ങൾ | 3-13 |
| 38 | ടാർ ഉപയോഗിക്കാതെ അവശേഷിക്കുന്നത് | 3-14 |
| 39 | ഗുണഭോക്തൃകമ്മിറ്റി കൺവീനർമാർക്ക് അധികം നൽകിയത് 236773 രൂപ | 3-15 |
| 40 | ഗുണഭോക്തൃസമിതി പ്രവൃത്തിനടത്തിപ്പ് രേഖകൾ ഹാജരാക്കാത്തത് | 3-16 |
| 41 | ഇ ടെണ്ടർ ഫീയും ജി.എസ്.ടിയും അടക്കാത്തത് | 3-17 |
| 41 | മാലിന്യസംസ്കരണം-പദ്ധതി യാഥാർത്ഥ്യമായില്ല | 3-18 |
| 42 | സൌഭാഗ്യഭവനപദ്ധതി-തിരിച്ചടവിൽ അപാകങ്ങൾ | 3-19 |
| ഭാഗം-4 | | |
| 43 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 46 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-5 |
| 48 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 49 | ഓഡിറ്റ് റിക്കവറി | 4-7 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 52 | ചാർജ്ജ്/ സർചാജ്ജ് നടപടികളുടെ വിവരം | 4-10 |
| 53 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 54 | വാർഷികകണക്കുകൾ പരിശോധിച്ചതിലെ അപാകങ്ങൾ | അനുബന്ധം-2 |
| 55 | വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്തം | അനുബന്ധം-3 |


## ഭാഗം -1

## പൊതു അവലോകനം

# 1-1 ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്,ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.(കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 286). 13.02.17 ലെ ധനകാര്യസ്ററാൻഡിംഗ് കമ്മിറ്റിയോഗത്തിൽ സെക്രട്ടറി, വിവിധ ഓഫീസ് തലവൻമാർ എന്നിവരോട്

വിവരങ്ങൾ ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്.എന്നാൽ വിവരങ്ങൾ ആവശ്യപ്പെട്ടോ ,ലഭിച്ചോ എന്ന് പിന്നീടുള്ള യോഗങ്ങളിൽ വ്യക്തമല്ല. കൂടാതെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തുടർന്നുള്ള യോഗങ്ങളിൽ ബഡ്ജറ്റ് തയ്യാറാക്കൽ സംബന്ധിച്ച യാതൊരു ചർച്ചകളും നടന്നിട്ടില്ല.

സെക്രട്ടറി ,വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികൾ പരിശോധിച്ച്, ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തിട്ടില്ല. ഇതു മൂലം ഘടക സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടാതെയും അനിവാര്യ ചുമതലകളിൽപ്പടുന്ന എല്ലാ മേഖലയിലും ആവശ്യത്തിന് തുക വകയിരുത്താതെയും പോകുന്നു.

തൻവർഷത്തെ നഗരസഭയുടെ ബജറ്റ് 16.3.2017 ലെ ഒന്നാം നമ്പ്ര തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 17.03.2018 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചതായി അജണ്ടയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽതീരുമാനത്തിൽ 2018-19 വർഷത്തെ ബഡ്ജറ്റ് മാത്രമാണ് അംഗീകരിച്ചിരിക്കുന്നത്.2017-18 വർഷത്തെ പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.

നഗരസഭ അംഗീകരിച്ച ബജറ്റ് പ്രകാരം തൻവർഷത്തെ വരവ് ₹1,20,64,12,491 ഉം ,ചെലവ് ₹ 1,18,19,25,000 യുമാണ്.

എന്നാൽ വാർഷികകണക്കുകൾ പ്രകാരം വരവ് ₹19,54,04,951യും ചെലവ് ₹16,60,75,260 യുമാണ്. യാഥാർത്ഥ്യത്തോട് യാതൊരു പൊരുത്തവുമില്ലാത്ത ബജറ്റ് ആണ് നഗരസഭ തയ്യാറാക്കി അംഗീകരിച്ചത്. ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിലെ ചർച്ചയിൽ ഇതിന് മറുപടിയായി ഭരണസമിതി അറിയിച്ചത് പല ഫണ്ടുകളും ലഭ്യമാകുമെന്ന ഉറപ്പിൻമേൽ ആണ് ബജറ്റ് തയ്യാറാക്കിയതെന്നും ഫണ്ട് ലഭിക്കാത്തതുകൊണ്ടാണ് പദ്ധതികൾ നടപ്പാക്കാനാവാത്തതെന്നുമാണ്.

നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 08.08.2018 | - | - |

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 9 പ്രകാരം ഒരു സാമ്പത്തികവർഷം അവസാനിച്ച് നാലു മാസത്തിനകം അക്കൌണ്ടുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. വാർഷികകണക്കുകൾ പരിശോധിച്ച് അപാകതകൾ ചൂണ്ടിക്കാട്ടിയെങ്കിലും അപാകതകൾ പരിഹരിച്ച് മറുപടി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.കൂടാതെ വാർഷികകണക്കുകളിലെ ചെലവുവിവരങ്ങളും സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ചെലവുവിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നുമില്ല. വാർഷികകണക്കുകൾ അപാകതകൾ കൂടാതെ തയ്യാറാക്കി സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.നിയമപ്രകാരം വാർഷികകണക്കുകൾ സമർപ്പിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

# നൽകിയതിന്റെ വിവരം

| പരിശോധന നടത്തിയ തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 20.08.2018 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം2-711/18 തീയതി 31.08.2018 |

സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,31,44,528 |
| വരവ് | ₹19,54,04,951 |
| ആകെ | ₹20,85,49,479 |
| ചെലവ് | ₹16,60,75,260 |
| നീക്കിയിരിപ്പ് | ₹4,24,74,219 |

# 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | ₹3,84,37,000 | ₹3,84,37,000 | ₹3,02,78,317 | ₹81,58,683 |
| വികസന ഫണ്ട്എസ്.സി.പി | 0 | ₹38,02,000 | ₹38,02,000 | ₹17,35,026 | ₹20,66,974 |
| വികസന ഫണ്ട് ടി.എസ്.പി | 0 | ₹1,45,42,529 | ₹1,45,42,529 | ₹1,16,76,271 | ₹28,66,258 |
| എം.ജി. നോൺ റോഡ് | 0 | ₹21272632 | ₹2,12,72,632 | ₹1,29,16,409 | ₹83,56,223 |
| എം.ജി. റോഡ് | 0 | ₹61,04,040 | ₹61,04,040 | ₹57,16,636 | ₹3,87,404 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | ₹1,16,83,625 | ₹1,16,83,625 | ₹1,16,41,293 | ₹42,332 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | ₹25,44,109 | ₹25,44,109 | ₹22,81,170 | ₹2,62,939 |

# 1-6 പദ്ധതിനടത്തിപ്പ് -കാര്യക്ഷമമല്ല.

നഗരസഭയുടെ വാർഷികപദ്ധതിചെലവുകണക്കുകൾ പ്രകാരം നഗരസഭ 2017-18 വർഷം ആസൂത്രണം ചെയ്ത / നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ ഇപ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയവയുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയവയുടെ എണ്ണം | നടപ്പാക്കാത്തവയുടെ എണ്ണം | പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 589 | ₹2,90,18,44,486 | 314 | ₹11,03,45,365 | 90 | 224 | 38% |

ആസൂത്രണം ചെയ്തപദ്ധതികളിൽ ആവശ്യത്തിന് തുക വകയിരുത്തിയിട്ടും 49% പദ്ധതികൾ മാത്രമാണ് നടപ്പാക്കാൻ കഴിഞ്ഞത്.

പദ്ധതികൾ നടപ്പാക്കിയത് സംബന്ധിച്ച് നിർവഹണോദ്യോഗസ്ഥരുടെ വിവരങ്ങൾ ഇപ്രകാരമാണ്.

| ക്രമനമ്പർ | നിർവഹണോദ്യോഗസ്ഥർ | ആകെ പ്രോജക്ടുകളുടെ | | നടപ്പാക്കിയ പ്രോജക്ടുകളുടെ | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | വകയിരുത്തിയ തുക(₹) | എണ്ണം | ചെലവഴിച്ച തുക(₹) | |
| 1 | മെഡിക്കൽ ഓഫീസർ -ആയുർവേദം | 1 | 6,00,000 | 1 | 6,00,000 | 100 |
| 2 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 6,00,000 | 1 | 6,00,000 | 100 |
| 3 | കൃഷി ഓഫീസർ | 7 | 48,28,658 | 5 | 40,54,238 | 83.96 |
| 4 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 50,000 | 0 | 50,000 | 0 |
| 5 | സെക്രട്ടറി | 51 | 7,55,11,943 | 33 | 2,82,01,765 | 37.35 |
| 6 | വെറ്ററിനറി സർജൻ | 5 | 41,29,235 | 3 | 6,69,980 | 16.23 |
| 7 | ഡെപ്യൂട്ടി ഡയരക്ടർ,ക്ഷീരവികസനം | 2 | 25,00,000 | 2 | 24,22,577 | 96.9 |
| 8 | മുനിസിപ്പൽ എഞ്ചിനീയർ | 488 | 18,25,75,250 | 240 | 5,99,95,477 | 32.86 |
| 9 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 8 | 89,04,800 | 7 | 59,35,818 | 66.66 |
| 10 | പ്രിൻസിപ്പൾ,ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ | 18 | 83,84,600 | 15 | 62,65,731 | 74.73 |
| 11 | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 7 | 21,00,000 | 7 | 15,99,779 | 76.18 |
| | ആകെ | | 29,01,84,486 | 314 | 11,03,45,365 | 38.03 |

തയ്യാറാക്കിയ പദ്ധതികളിൽ 49% മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്.ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കേണ്ട പട്ടിക വർഗ്ഗ ഭവനനിർമ്മാണപദ്ധതി നടപ്പാക്കിയിട്ടുമില്ല.വകയിരുത്തിയ തുകയിൽ 38.% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തി, തുകകൾ വകയിരുത്തി നടപ്പാക്കിയ പദ്ധതികൾ പൂർണ്ണമായും നടപ്പാക്കാൻ കഴിയാത്തത് വീഴ്ചയായി കാണുന്നു. പദ്ധതിനടത്തിപ്പ് കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-7 തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം 2786 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തുവെങ്കിലും 888 ഗുണഭോക്താക്കൾക്കായി 14213 തൊഴിൽദിനങ്ങളാണ് നൽകിയത്. ആർക്കും 100 തൊഴിൽദിനങ്ങൾ നൽകാൻ കഴിഞ്ഞില്ല.ചെലവ് വിവരങ്ങൾ ഇപ്രകാരമാണ്.

| വരവ് | ആകെ | ചെലവ് | | നീക്കിയിരുപ്പ് |
|---|---|---|---|---|
| | | ഭരണചെലവുകൾ | ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | |
| ₹50,00,000 | ₹50,00,000 | ₹3,04,047 | ₹37,44,887 | ₹9,51,066 |

വാർഷികകണക്കുകൾപ്രകാരം ഈയിനത്തിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത് ₹11,94,308 രൂപയാണ് . വാർഷികകണക്കുകളും യഥാർത്ഥകണക്കുകളും പൊരുത്തപ്പെടുന്നില്ല.

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ₹25,080 | 32 |
| കർഷകതൊഴിലാളി പെൻഷൻ | ₹8,37,720 | 537 |
| വിധവാപെൻഷൻ | ₹2,69,88,000 | 1730 |
| വാർദ്ധക്യകാലപെൻഷൻ | ₹3,72,06,000 | 2385 |
| വികലാംഗപെൻഷൻ | ₹72,22,800 | 463 |
| ആകെ | ₹7,22,79,600 | 5147 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.02.2019 ന് രാവിലെ 10 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2,34,610 ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമല്ല.

സുൽത്താൻ ബത്തേരി നഗരസഭ രൂപീകരിക്കപ്പെട്ടത് 01.11.2015 നാണ്.ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിൽ നിന്നും നഗരസഭയായി രൂപാന്തരം വന്നതിന്റെ പൂർണ്ണമായ മാറ്റം എല്ലാ നടപടിക്രമങ്ങളിലും ഇപ്പോഴും വന്നിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്ന ക്ലറിക്കൽ തസ്തികകളുടെ എണ്ണം നഗരസഭ ആയപ്പോൾ കുറയുകയാണുണ്ടായത്. അതുകൊണ്ട് തന്നെ നികുതി പിരിവിലും മറ്റും പൂർണ്ണത കൈവരിക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനവും അക്കൌണ്ട്സ് സെക്ഷനിലെ പ്രവർത്തനങ്ങളും കാര്യക്ഷമമല്ല.നഗരസഭയിൽ അക്കൌണ്ടന്റ് തസ്തിക നിലവിലില്ലാത്തത് നഗരസഭയുടെ കണക്കുസൂക്ഷിപ്പിനെ ബാധിക്കുന്നുണ്ട്.

രശീത് പിരിവ് സംബന്ധിച്ച് മേൽനോട്ടം നടത്തുന്നതിൽ വീഴ്ച വരുന്നു.ഓരോ ദിവസത്തെയും പിരിവ് തുക കാണിക്കുന്ന ഡേ-ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. കൂടാതെ തുക അടവാക്കിയതിന്റെ കൗണ്ടർഫോയിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഡേ-ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിക്കാത്തതും തുക അടവാക്കിയതിന്റെ കൗണ്ടർഫോയിൽ പരിശോധനയ്ക്ക് ഹാജരാക്കാത്തതും അധികൃതരുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി കാണുന്നു. ഇക്കാര്യം തുടർ നടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2017-18 വർഷം പബ്ലിക് കംഫോർട്ട് സ്റ്റേഷൻ ഫീ ഇനത്തിലെ വരവ് പരിശോധിക്കുന്നതിലേയ്ക്കായി നടത്തിപ്പുകാർക്ക് അച്ചടിച്ച് നൽകിയ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ഉപയോഗിച്ച രസീത് ബുക്കുകൾ,പിരിവ് രജിസ്റ്റർ,തുക ഒടുക്കിയതിന്റെ രേഖകൾ തുടങ്ങിയവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ പബ്ലിക് കംഫോർട്ട് സ്റ്റേഷൻ ഫീ ഇനത്തിലെ വരവ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. പിരിവ് സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതും ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിക്കാത്തതും തുടർ നടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കെട്ടിടനിർമ്മാണാനുമതി സംബന്ധിച്ച് രേഖകൾ സൂക്ഷിക്കുന്നതിലും വസ്തുനികുതി നിർണ്ണയത്തിലും വീഴ്ചകൾ വന്നിട്ടുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നിലും എല്ലാ വ്യാപാരികളെക്കൊണ്ട് ഡി &ഓ ലൈസൻസ് എടുപ്പിക്കുന്നതിനും നഗരസഭക്ക് കഴിഞ്ഞിട്ടില്ല.

കെട്ടിടവാടക പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും ആധുനിക മത്സ്യമാർക്കറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനും നഗരസഭക്ക് കഴിഞ്ഞിട്ടില്ല.

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും മോണിട്ടറിംഗ് നടത്തുന്നതിലും വീഴ്ചകൾ വന്നിട്ടുണ്ട്.വിശദവിവരങ്ങൾ ഖണ്ഡിക 3-1ൽ പരാമർശിച്ചിരിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.8.15 | 2014-15 | 25.8.15 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.12.2018 | 2013-14 -2017-18 | 8.2.19 |

# <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 രസീത് പിരിവ് -രേഖകൾ കൃത്യമായും പൂർണ്ണമായും ഓഡിറ്റിന് ഹാജരാക്കിയില്ല

1) <u>മാന്വൽ രസീത് ബുക്കുകൾ സ്റ്റോക്കിലെടുത്തതിൽ അവ്യക്തത</u>

മുനിസിപ്പാലിറ്റിയുടെ മാന്വൽ രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 26.06.17 ന് 4 രസീത് ബുക്കുകളും 04.11.17 ന് 46 രസീതു ബുക്കുകളും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ അവ എവിടെ നിന്ന് ലഭിച്ചുവെന്നോ/ എത്ര രസീത് ബുക്കുകളാണ് വാങ്ങിയതെന്നോ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് എൻക്വയറി നം. 24/2017-18 /05.03.2019) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ രസീത് ബുക്കുകൾ സ്റ്റോക്കിലെടുത്തതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. ഇക്കാര്യം അടിയന്തിര നടപടികൾക്കായി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്ററിന്റെ കൃത്യത പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

2)<u>രസീതുകൾ ക്രമമായി ഉപയോഗിക്കുന്നില്ല</u>

2017-18 വർഷം വെറ്റിനറി സർജന് ക്രമനം . 45 മുതൽ 59 വരെയും (03.04.17 മുതൽ 17.06.2017 വരെ നൽകിയത്) ക്രമനം. 60, 1 മുതൽ 3 വരെയുമുള്ള (26.06.17 ന്) രസീത് ബുക്കുകൾ നൽകിയിട്ടുണ്ട്. ആയതിൽ ഒന്നിലധികം രസീത് ബുക്കുകൾ ഒരേദിവസം ഉപയോഗിക്കുകയും അവയുടെ കളക്ഷൻ ക്രമപ്രകാരമല്ലാതെ ഇടകലർത്തി കളക്ഷൻ രജിസ്റ്ററിൽ ചേർത്തതിനാലും മേൽ രസീത് ബുക്കുകൾ പ്രകാരം പിരിച്ചെടുത്ത തുകയുടെ കൃത്യത പരിശോധിക്കുവാൻ പ്രയാസം നേരിട്ടു. ഇതേ പോരായ്മ 2016-17 ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക-2-3) പരാമർശിച്ചിട്ടുണ്ടെങ്കിലും തൻ വർഷവും വീണ്ടും ആവർത്തിച്ചിട്ടുണ്ട്. ഇക്കാര്യം തുടർ നടപടികൾക്കായി നഗരസഭ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3) <u>ഡേ ബുക്ക് കൃത്യമായി പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നില്ല</u>

ഓരോ ദിവസത്തെയും പിരിവ് തുക കാണിക്കുന്ന ഡേ-ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. കൂടാതെ തുക അടവാക്കിയതിന്റെ കൗണ്ടർഫോയിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഓരോ ദിവസത്തെയും വരവ് തുകയും അതിന്റെ അടവും പരിശോധിക്കാൻ സാധിച്ചില്ല. ആയത് ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല (നം. 07 /2017-18 / 25 .02.2019). ആയതിനാൽ തനത് വരുമാനം ബാങ്ക് അക്കൗണ്ടിൽ അടവാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. ഡേ-ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിക്കാത്തതും തുക അടവാക്കിയതിന്റെ കൗണ്ടർഫോയിൽ പരിശോധനയ്ക്ക് ഹാജരാക്കത്തതും അധികൃതരുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയായി കാണുന്നു. ഇക്കാര്യം തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിൽ നിന്നും നഗരസഭ സെക്രട്ടറിയും റവന്യൂ വിഭാഗം ഉദ്യോഗസ്ഥരും അവരിൽ ഏൽപ്പിച്ച ഉത്തരവാദിത്വം കൃത്യമായി നിർവ്വഹിച്ചിട്ടില്ലായെന്ന് കാണാവുന്നതാണ്.

# 2-2 പ്രതിദിന കളക്ഷൻ അടവാക്കുന്നത് തെറ്റായ തീയതിയിൽ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്നു ബുക്കിൽ ചേർക്കുന്നു

2007 ലെ കേരളമുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം മുനിസിപ്പാലിററി സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രേഖയാണ് ക്യാഷ് ബുക്ക്. എന്നാൽ 2017-18 ലെ ക്യാഷ്ബുക്ക് പരിശോധിച്ചതിൽ പല ദിവസങ്ങളിലെയും തനത് വരുമാനം തനത് ഫണ്ട് അക്കൗണ്ടിൽ യഥാർത്ഥത്തിൽ അടവാക്കിയ തീയതിയിലല്ല ക്യാഷ്ബുക്കിൽ അടവാക്കിയതായി കാണിച്ചിട്ടുള്ളത്. ഉദാ. ചുവടെ കൊടുക്കുന്നു.

| ക്രമ നം | കളക്ഷൻ തീയതി/ തുക | തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കിയ തീയതി | ക്യാഷ് ബുക്ക് പ്രകാരം അടവാക്കിയ തീയതി/ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 03.04.17/ ₹1,05,635/- | 04.04.17 (അക്കൗണ്ട് നം. 005001302471 സർവ്വീസ് സഹകരണ ബാങ്ക്, ബത്തേരി) | 04.04.17/ ₹52,585 | ബാലൻസ് തുക ₹53,050/- 21.07.17-നാണ് തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കി |

| | | | | |
|---|---|---|---|---|
| | | | | യതായി രേഖ പ്പെടുത്തി യിട്ടുള്ളത്. |
| 2 | 04.04.17/ ₹49,626/- | 05.04.17 | 07.04.17 | രണ്ടു തുകകളും കൂടി ₹1,09,416/- 07.04.17 ന് അടവാക്കി യതായി ക്യാഷ് ബുക്കിൽ രേഖ പ്പെടുത്തി. |
| 3 | 05.04.17/ ₹59,790/- | 07.04.17 | 07.04.17 | |
| 4 | 19.10.17/ ₹1,39,636/- | 20.10.17 | 23.10.17 | ഈ തുക കളെല്ലാം കൂടി ആകെ ₹4,55,293/- 23.10.17 -ന് അടവാക്കി യതായി ക്യാഷ് ബുക്കിൽ രേഖ പ്പെടുത്തി. |
| 5 | 20.10.17/ ₹2,62,895/- | 21.10.17 | 23.10.17 | |
| 6 | 21.10.17/ ₹52,762/- | 23.10.17 | 23.10.17 | |
| 7 | 15.02.18/ ₹4,48,710/- | 16.02.18 | 19.02.18 | ഈ തുക കളെല്ലാം കൂടി ആകെ ₹9,75,412/- 19.02.18-ന് അടവാക്കി യതായി ക്യാഷ് ബുക്കിൽ രേഖ പ്പെടുത്തി. |
| 8 | 16.02.18/ ₹3,38,729/- | 17.02.18 | 19.02.18 | |
| 9 | 17.02.18/ ₹1,87,973/- | 19.02.18 | 19.02.18 | |
| 10 | 01.03.18/ ₹3,55,829/- | 02.03.18 | 03.03.18 | ഈ തുക കളെല്ലാം കൂടി ആകെ ₹5,97,338/- 03.03.18-ന് അടവാക്കി യതായി ക്യാഷ് ബുക്കിൽ രേഖ പ്പെടുത്തി. |
| 11 | 02.03.18/ ₹2,41,509/- | 03.03.18 | 03.03.18 | |

മേൽ അപാകം ഓഡിറ്റ് അന്വേഷണകുറിപ്പ് മുഖേന( നം. 37/2017-18/ 07.03.2019 ) അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ക്യാഷ് ബുക്കിൽ കൃത്യമായ വിവരങ്ങളാണ് രേഖപ്പെടുത്തുന്നതെന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-3 പരസ്യ നികുതി പിരിവിന് ഉപയോഗിച്ച രസീതുബുക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

2017-18 കാലയളവിലേക്ക് പരസ്യനികുതി നേരിട്ട് പിരിക്കുവാൻ ഭരണസമിതി തീരുമാനിച്ചു(തീരുമാനം നം.2(2)/31.03.17). 2017-18 ലെ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലെ വരവ് ₹8,640/-യാണ്.

ആയതിന്റെ വിശദാംശങ്ങൾ (പിരിക്കാനുപയോഗിച്ച പ്രത്യേകമായി പ്രിന്റ് ചെയ്ത രസീതുകളുടെ വിവരം, കളക്ഷൻ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവ) ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈ രസീതുകൾ മുഖേനയുള്ള പിരിവിന്റെയും അടവിന്റെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. പിരിവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

നിലവിൽ പരസ്യ നികുതി പിരിച്ചെടുക്കാൻ സാധിക്കാത്തതിനാൽ തറ വാടക നിശ്ചയിച്ച് തുക പിരിച്ചെടുക്കാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.(തീരുമാനം നം.2/30.11.17). എന്നാൽ ഇതിൻ മേൽ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

# 2-4 കുടുംബശ്രീ മുഖേന കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് -ഫീ പിരിവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

നഗരസഭയുടെ പഴയ ബസ്സ് സ്റ്റാൻഡിലെ കംഫർട്ട് സ്റ്റേഷൻ കം ക്ലോക്ക് റൂം 2017-18 കാലയളവിലേക്കുള്ള നടത്തിപ്പ് നേരിട്ട് നടത്തുവാൻ ഭരണസമിതി തീരുമാനിച്ചു (തീരുമാനം നം.3(3)/15.03.17).കംഫർട്ട് സ്റ്റേഷൻ നടത്തുന്നതിന് രണ്ട് പേരെ കുടുബശ്രീയിൽ നിന്നും തിരഞ്ഞെടുത്ത് രണ്ട് ഷിഫ്റ്റുകളിലായി , ഓരോ ഷിഫ്റ്റിലേക്കും ₹300/- ദിവസ വേതനം നൽകുവാനും തീരുമാനിച്ചു. കൂടാതെ കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനാവശ്യമായ ₹2, ₹5,₹10 എന്നീ മുഖവിലയുള്ള രസീതുകൾ അച്ചടിച്ച് നൽകുവാനും തീരുമാനിച്ചു. (ഭരണസമിതി തീരുമാനം.നം.2(1)/25.03.17).

ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം 2017-18 വർഷം പബ്ലിക് കംഫോർട്ട് സ്റ്റേഷൻ ഫീ ഇനത്തിൽ ₹10,49,911/- വരവുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിലേയ്ക്കായി നടത്തിപ്പുകാർക്ക് അച്ചടിച്ച് നൽകിയ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ഉപയോഗിച്ച രസീത് ബുക്കുകൾ,പിരിവ് രജിസ്റ്റർ,തുക ഒടുക്കിയതിന്റെ രേഖകൾ തുടങ്ങിയവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ പബ്ലിക് കംഫോർട്ട് സ്റ്റേഷൻ ഫീ ഇനത്തിലെ വരവ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല( നം. 19/2017-18 /05 .03.2019). പിരിവ് സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതും ഓഡിറ്റ് പരിശോധനയ്ക്ക് സമർപ്പിക്കാത്തതും റവന്യൂ വിഭാഗം ജീവനക്കാരുടെയും നഗരസഭ സെക്രട്ടറിയുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണുന്നു.ഇക്കാര്യം തുടർ നടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 2-5 ബസ്സ് സ്റ്റാൻഡ് ഫീ ലേലം കൊണ്ട തുക മുഴുവനും ലഭിച്ചിട്ടില്ല.

ഓഡിറ്റ് വർഷം ബസ്സ് സ്റ്റാൻഡ് ഫീ പിരിക്കുന്നതിന് ലേലം കൊണ്ട ശ്രീ .പി.കെ. ഹരിദാസ് ലേല തുക മുഴുവനും അടവാക്കിയതായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നില്ല.ലേലനടപടികളിലൂടെ , ഭരണസമിതിയുടെ 2/31.03.2017 ലെ തീരുമാനപ്രകാരം , 2017-18 ൽ ബസ്സ് സ്റ്റാൻഡ് ഫീ പിരിക്കുന്നതിനുള്ള അവകാശം ശ്രീ പി.കെ. ഹരിദാസ് എന്നയാൾക്ക് ₹3,02,600/-യ്ക്ക് നൽകി. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ഇദ്ദേഹം മുനിസിപാലിറ്റിയിൽ അടവാക്കിയ ലേല തുക ഇപ്രകാരമാണ്.

| രസീത് നം/തീയതി | തുക |
|---|---|
| 1161424338-30.03.17 | ₹25,000/ |
| 117140500324-23.11.17 | ₹1,00,000/- |
| 11714050071-01.03.18 | ₹1,22,600/- |
| ആകെ | ₹2,47,600/- |

ലേലം സംബന്ധിച്ച ഫയലും ബന്ധപ്പെട്ട രജിസ്റ്ററും പരിശോധിച്ചതിൽ ആകെ ലേല തുകയായ ₹3,02,600/-യിൽ ₹2,47,600/- മാത്രമാണ് നഗരസഭയിൽ അടവാക്കിയത്. നിലവിൽ ₹55,000/- അടവാക്കാൻ ബാക്കിയുണ്ട്. എന്നാൽ ലേലം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ബാക്കി തുക ഈടാക്കാൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ ലേലം കൊണ്ട വ്യക്തിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖയും ഫയലിൽ ലഭ്യമല്ല.

കരാർ ഉടമ്പടി രേഖ ഹാജരാക്കാനും കുടിശ്ശിക തുക ഈടാക്കാത്തതിന്റെ കാരണം ആരാഞ്ഞുകൊണ്ടും നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (നം.18/2017-18/05.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ നഗരസഭയ്ക്കുണ്ടായ നഷ്ടം ₹55,000/-യും ലേല തുകയിൻ മേലുള്ള സേവന നികുതിയും കരാർ ഉടമ്പടി ചമക്കുന്നതിൽ വീഴ്ച്ച വരുത്തിയ അന്നത്തെ നഗരസഭാ സെക്രട്ടറിയിൽ നിന്നോ / കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ലേല തുക യഥാസമയം അടവാക്കുന്നതിൽ വീഴ്ച്ച വരുത്തിയ ലേലം കൊണ്ട വ്യക്തിക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ച വരുത്തിയ നഗരസഭ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 2-6 കെട്ടിട വാടക -മുറികൾ ഒഴിഞ്ഞു കിടക്കുന്നു-ഭീമമായ കുടിശ്ശിക തുക ഈടാക്കിയിട്ടില്ല

നഗരസഭയുടെ 2017-18 ലെ കെട്ടിട വാടക പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ പല മുറികളും ഒഴിഞ്ഞു കിടക്കുന്നതായും വാടക കുടിശ്ശികയിനത്തിൽ വൻതുക ഈടാക്കാനുള്ളതായും ശ്രദ്ധയിൽപ്പെട്ടു. അപാകതകൾ താഴെപ്പറയുന്നു.

1) <u>മുറികൾ വാടകയ്ക്ക് നല്കിയില്ല</u>

2017-18 ലെ വാടക രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന മുറികൾ വാടകയ്ക്ക് നൽകിയതായി കാണുന്നില്ല. മുറി നമ്പറുകൾ 2,41,115,125,131,138,142,143,147 എന്നിവയാണ് ഒഴിച്ചിട്ടതായി കാണുന്നത്. മേൽ പരാമർശിച്ച മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ട വിവരം തുടർ നടപടികൾക്കായി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2 )<u>യാത്രീ നിവാസ് ഒഴിഞ്ഞു കിടക്കുന്നു</u>

ചുങ്കം ബസ്സ് സ്റ്റാൻഡിലെ യാത്രീ നിവാസ് ഉപയോഗക്ഷമമാക്കാതെ അടഞ്ഞു കിടക്കുന്നു. 2016-17 ൽ 3,87,000/- രൂപയ്ക്കാണ് യാത്രീ നിവാസ് (മുറി നം.147) ലേലം കൊണ്ടത്. അറ്റകുറ്റ പ്രവർത്തികൾ നടത്തേണ്ടതിലേയ്ക്കായി 2017-18 ൽ ലേലം നടത്തേണ്ടതില്ലെന്ന് ഭരണ സമിതി 25.03.2017 ലെ 3(1) പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെയായും യാത്രീ നിവാസ് ഉപയോഗക്ഷമമാക്കിയിട്ടില്ല. നഗരസഭയുടെ ആസ്തി സംരക്ഷിക്കുന്നതിനും പൊതുജനങ്ങൾക്ക് യാത്രീ നിവാസ് സൗകര്യം ലഭ്യമാക്കുന്നതിനും അതുവഴി നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)<u>വാടക കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല</u>

നഗരസഭയുടെ വാടക കുടിശ്ശിക രജിസ്റ്റർ പ്രകാരം 1985-86 മുതൽ 2016-17 വരെയുള്ള കുടിശ്ശിക ₹23,86,145/- യാണ്. 1985-86 മുതൽ വാടക ഇനത്തിൽ പിരിച്ചെടുക്കാൻ സാധിക്കാത്ത തുക അതാതുകാലത്ത് ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി 10.10.2017 ലെ 2ാം നമ്പർ പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ കുടിശ്ശിക തുക ഈടാക്കുന്നതിൽ പുരോഗതി കാണുന്നില്ല. ഭീമമായ കുടിശ്ശിക തുക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-7 നഗരസഭാ സ്റ്റേഡിയം വാടകക്ക് നൽകി-കരാർ വ്യവസ്ഥകൾ പ്രകാരമുള്ള പ്രവർത്തികൾ പൂർത്തിയായിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിൽ മാനികുനിയുള്ള സ്റ്റേഡിയം വ്യവസ്ഥകൾക്ക് വിധേയമായി അൽ-ഇത്തീഹാദ് സ്പോർട്സ് അക്കാദമിക്ക് 10 വർഷത്തേക്ക് ലീസിന് നൽകുവാൻ ഭരണസമിതി തീരുമാനിച്ചു (തീരുമാനം നം.5/30.05.17). മേൽപ്പറഞ്ഞ കാലത്തേക്ക് ആദ്യ വർഷം പ്രതിമാസം 5000/-രൂപ നിരക്കിലും തുടർന്നുള്ള ഓരോ വർഷത്തെക്കും പ്രതിമാസം 1000/- രൂപ വീതം കൂട്ടിയും വാടക ഈടാക്കികൊണ്ടാണ് ലീസ് അനുവദിച്ചിട്ടുള്ളത്. ഘട്ടം ഘട്ടമായി പുൽമൈതാനം ലെവൽ ചെയ്ത് പുല്ല് പിടിപ്പിച്ച് കളിക്കുവാൻ അനുയോജ്യമാക്കുക, ഡ്രസ്സിംഗ് റൂം, ബാത്ത് റൂം, ഓഫീസ് , കീണർ, ഗേറ്റ്, മതിലിനു മുകളിൽ നെറ്റിടൽ ,ഗ്യാലറി സ്ഥാപിക്കൽ തുടങ്ങിയവ അൽ-ഇത്തീഹാദ് സ്പോർട്സ് ചെയ്യേണ്ടതാണ് എന്നീ വ്യവസ്ഥകളോട്ടു കൂടിയാണ് സ്റ്റേഡിയം വാടകക്ക് നൽകിയിട്ടുള്ളത്. കൂടാതെ കരാർ ഉടമ്പടി പ്രകാരം അൽഇത്തീഹാദ് സ്പോർട്സ് അക്കാദമി, നഗരസഭ നൽകുന്ന, 30 എസ്സ്.സി, എസ്.ടി, ജനറൽ കുട്ടികൾക്ക് സ്കോളർഷിപ്പോട്ടു കൂടി സൗജന്യമായി ഫുട്ബോൾ പരിശീലനം നൽകേണ്ടതുമാണ്. എന്നാൽ 02.03.2019 ന് നടത്തിയ സംയുക്ത സ്ഥല

പരിശോധനയിൽ മൈതാനം ലെവൽ ചെയ്യുന്ന പ്രവർത്തി മാത്രമേ നടപ്പിലാക്കിയിട്ടുള്ളുവെന്ന് കണ്ടു. സ്റ്റേഡിയം പുൽമൈതാനം ലെവൽ ചെയ്ത് പുല്ല് പിടിപ്പിച്ച് കളിക്കുവാൻ അനുയോജ്യമാക്കാതെ കുട്ടികൾക്ക് പരിശീലനം നൽകാൻ സാധിക്കുകയില്ല. കരാർ വ്യവസ്ഥകൾ പാലിക്കാത്തത് സംബന്ധിച്ച വിവരം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കരാർ പ്രകാരമുള്ള പ്രവർത്തികൾ അക്കാദമി പൂർത്തീകരിച്ച് കുട്ടികൾക്ക് യഥാസമയം ഫുട്ബാൾ പരിശീലനം നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തി പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 2-8 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 34 പ്രകാരം മോട്ടോർ കാറുകളുടെ പാർക്കിംഗിനു വേണ്ടി ഒരുക്കിയിരിക്കുന്ന തെരുവ് വിട്ടുള്ള ഒരോ പാർക്കിംഗ് സ്ഥലത്തിന്റെയും വിസ്തീർണ്ണം 15 ച.മീ. കുറയാത്തതായിരിക്കണം(5.5മീ.X2.7മീ.) ഇരു ചക്രവാഹനങ്ങളുടെയും (സൈക്കിൾ അല്ലാത്തവ) സൈക്കിളുകളുടെയും പാർക്കിംഗിനു വേണ്ടി തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിനും ആവശ്യമായ വിസ്തീർണ്ണം യഥാക്രമം 3 ച.മീറ്ററും 1.5 ച.മീറ്ററും ആണ്. കൂടാതെ മോട്ടോർ കാറുകളുടെ പാർക്കിനിംഗിനാവശ്യമായ സ്ഥലത്തിന്റെ 25 % -മെങ്കിലും ഇരു ചക്രവാഹനങ്ങളുടെ പാർക്കിംഗിനായി നൽകേണ്ടതാണ്( ചട്ടം 34(4)).

സർക്കുലർ നം 12900/ആർ.എ1/15/തസ്വഭവ തിയ്യതി 02/12/15 പ്രകാരം കെട്ടിടനിർമ്മാണം, പൂർത്തീകരണം എന്നിവ സംബന്ധിച്ചുള്ള അപേക്ഷകളിൻ മേൽ എഞ്ചിനീയറിംഗ് വിഭാഗം വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നം, വിസ്തീർണ്ണം, വില്ലേജ്, കൈവശകാശം, ഉപയോഗക്രമം, എഫ്.എ.ആർ, കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ് സംബന്ധമായ കണക്കാക്കലുകൾ മുതലായവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉണ്ടാകേണ്ടതാണെങ്കിലും ഓഡിറ്റിന് ഹാജരാക്കിയ കെട്ടിട നിർമ്മാണ - പൂർത്തീകരണ ഫയലുകളിൽ ഈ വിവരം പൂർണ്ണമായും ലഭ്യമല്ല. ആയതിനാൽ 02.03.2019-ന് നഗരസഭ അധികൃതരോടൊപ്പം ഏതാനും കെട്ടിടങ്ങളിൽ നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ 1999-കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾക്കനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം താഴെപ്പറയുന്നു.

1) കെട്ടിട നം. 24/557 മുതൽ 563 വരെയുള്ള വാണിജ്യ കെട്ടിടം( റഹീം മെമ്മോറിയൽ റോഡിന് വശത്തായി)

പൂർത്തീകരണപ്ലാൻ പ്രകാരം 374.67 ച.മീറ്റർ കാർപ്പെറ്റ് വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തിന് നിയമാനുസൃതം വേണ്ടിയിരുന്ന 5 കാർ പാർക്കിംഗ് യൂണിറ്റുകൾ( 374.67 /75) കാണിച്ചിട്ടുണ്ട്.കെട്ടിടത്തിന്റെ പുറക് വശത്തായി മൂന്നെണ്ണവും മുൻമ്പിൽ ഒരെണ്ണവും പുറക് വശത്തേക്കുള്ള വഴിയുടെ അവസാന ഭാഗത്ത് ഒരെണ്ണവും അടക്കം ആകെ 5 കാർ പാർക്കിംഗ് യൂണിറ്റുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംയുക്തസ്ഥല പരിശോധനയിൽ പുറക് വശത്ത് മൂന്ന് മോട്ടോർ കാറുകളുടെ പാർക്കിംഗ് സ്ഥലമായി കാണിച്ച സ്ഥലത്ത് നിലവിൽ നിയമാനുസൃതമല്ലാതെ കെട്ടിടം പണിതതായി കാണുന്നുണ്ട്.( 6.9 മീ.നീളവും 3.75 മീ. വീതിയുമുള്ള മൂന്ന് മുറികൾ).

പൂർത്തീകരണപ്ലാനിൽ പാർക്കിംഗ് ആയി കാണിച്ചിട്ടുള്ള സ്ഥലത്തേക്കുള്ള പ്രവേശന മാർഗ്ഗത്തിന്റെ വീതി 3.2 മീറ്റർ മാത്രമാണ്. (മേൽ ചട്ടത്തിലെ ചട്ടം 33പട്ടിക 4.2 പ്രകാരം പ്രവേശന മാർഗ്ഗത്തിന്റെ ചുരുങ്ങിയ വീതി 3.6 മീറ്റർ ആണ്`).

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 35 /2017-18 /07.03.2019) മറുപടി ലഭ്യമാക്കിയിട്ടില്ല .ഈ സാഹചര്യത്തിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ചതായി കാണുന്ന മേൽ കെട്ടിടത്തിനെതിരെ 1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങളിലെ അധ്യായം 20 പ്രകാരം ക്രമവത്ക്കരണം നടത്താൻ സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യേണ്ടതും അല്ലാത്ത പക്ഷം കേരള മുനിസിപ്പാലിറ്റി ആക്ട്-1994 സെക്ഷൻ 242 പ്രകാരം ,നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതും ആയത് വരെ നിയമാനുസൃതമല്ലാത്ത കെട്ടിടമായി പരിഗണിച്ചു കൊണ്ട് ,പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്ന തുക ഈടാക്കേണ്ടതാണ്.

2)കെട്ടിട നം.11/88(1,2) മാനിക്കുനി.

പൂർത്തീകരണപ്ലാൻ പ്രകാരം 1286 ച.മീറ്റർ കാർപ്പെറ്റ് വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തിന് നിയമാനുസൃതം വേണ്ടിയിരുന്ന 20 കാർ പാർക്കിംഗ് യൂണിറ്റുകൾ കാണിച്ചിട്ടുണ്ട്
പൂർത്തീകരണ പ്ലാനിൽ കെട്ടിടത്തിന്റെ പുറക് വശത്തുള്ള പാർക്കിംഗ് സ്ഥലത്തേക്കുള്ള ഡ്രൈവ് വേ (7.മീ വീതി)-ആയി കാണിച്ച സ്ഥലത്ത് സ്റ്റെയർകേസ് നിർമ്മിച്ചിതായി കാണുന്നുണ്ട്. ആയതുകൊണ്ട് നിലവിൽ പാർക്കിംഗ് സ്ഥലത്തേക്കുള്ള പ്രവേശന മാർഗ്ഗത്തിന് 3.55മീ.വീതി മാത്രമേയുള്ളൂ.(മേൽ ചട്ടത്തിലെ ചട്ടം 33 പട്ടിക 4.2 പ്രകാരം പ്രവേശന മാർഗ്ഗത്തിന്റെ ചുരുങ്ങിയ വീതി 3.6 മീറ്റർ ആണ്). മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ച പൂർത്തീകരണ പ്ലാനിൽ നിന്ന് വ്യതിചലിച്ച് പുറകിലെ പാർക്കിംഗ് സ്ഥലത്തേക്കുള്ള ഡ്രൈവ് വേ-യിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച നിർമ്മാണ പ്രവർത്തിക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-9 വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ കുറവ്-നഗരസഭയ്കക്ക് നഷ്ടം

സ.ഉ.(കൈ)നം.333/2015 /തസ്വഭവ തിയ്യതി 31.10.15 ഉത്തരവ് പ്രകാരം 01/11/2015 മുതലാണ് സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റി യായി മാറിയത്. സ.ഉ.(അ)നം.17/2011 /തസ്വഭവ തിയ്യതി 14.01.2011 പ്രകാരം പ്രസിദ്ധീകരിച്ച 2011 ലെ കേരളമുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കാണ് നഗരസഭ രൂപീകരിച്ച തീയതി മുതൽ ബാധകം. മേൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സുൽത്താൻബത്തേരി നഗരസഭയുടെ 14.02.2017 ലെ 7 -ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം വിവിധ ഉപയോഗക്രമങ്ങൾക്കുള്ള അടിസ്ഥാന വസ്തു നികുതി നിരക്ക് നിർണ്ണയിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം 100 m2ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ തുടങ്ങിയവയുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 80/- രൂപയാണ്. മേൽ ചട്ടങ്ങളിലെ 3 ാം ചട്ടത്തിലെ ഉപചട്ടം 2,5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി ചില കെട്ടിടങ്ങളിൽ ,കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാന നിരക്ക് ₹60/- നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതായി വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടു. ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

1) സലീം മുതൽപേർ , കുന്നത്ത് ഹൗസ് എന്നവരുടെ ഉടമസ്ഥതയിലുള്ള മണിച്ചിറ ഡിവിഷനിലെ 26/446 മുതൽ 471 വരെ നമ്പറുള്ള കെട്ടിടം.

മേൽ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതു സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.( രജിസ്റ്റർ പ്രകാരമുള്ള തറ വിസ്തീർണ്ണം-512.51 ച.മീ., വസ്തു നികുതി നിർണ്ണയിച്ച തീയതി-04.09.2015)

| വിവരണം | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തുനികുതി | കുറവ് |
|---|---|---|---|
| കെട്ടിടനമ്പർ | 26/446 മുതൽ 471 | 26/446 മുതൽ 471 | - |
| തറ വിസ്തീർണ്ണം<br>(m2) | 512.51ച.മി | 512.51ച.മി | - |
| അടിസ്ഥാന വസ്തുനികുതി നിരക്ക്- | ₹ 60/- | ₹80/- | |
| വർദ്ധനവ് | വഴിസൗകര്യം-20%. | വഴിസൗകര്യം-20%. | - |
| ലൈബ്രറിസെസ് | 5 %. | 5 %. | - |
| വസ്തു നികുതി | ₹36,915/- | ₹49,201/-(512.51x80x1.2) | ₹12,286/- |
| ലൈബ്രറിസെസ് | ₹1,851/- | ₹2,460/- | ₹609/- |
| | | | |

| | | | |
|---|---|---|---|
| സേവന ഉപനികുതി(10%) | ₹3,735 | ₹4,920/- | ₹1,185/- |
| ആകെ | ₹42,501/- | ₹56,581/- | ₹14,080/- |

മേൽ കണക്കാക്കിയ പ്രകാരം കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ ₹12,286/- ടെയും ലൈബ്രറിസെസ് ഇനത്തിൽ ₹609/-ടെയും സേവന ഉപനികുതിയിനത്തിൽ ₹1,185/- ടെയും കുറവുണ്ട്. 2017-18 ലെ നഷ്ടം ₹14,080/-രൂപ തെറ്റായി നികുതി നിർണ്ണയിച്ച നഗരസഭ സെക്രട്ടറിയിൽ നിന്നും (04.09.2015-ലെ)ഈടാക്കേണ്ടതാണ്. വസ്തുനനികുതി കൃത്യമായി നിർണ്ണയിച്ച് കുടിശ്ശിക തുക ഈടാക്കേണ്ടതാണ്.

2)വസ്തു നികുതി കുറവായി നിർണ്ണയിക്കപ്പെട്ട വാണിജ്യകെട്ടിടങ്ങളുടെ ഫയലുകൾ ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം താഴെ വിവരിച്ച വാണിജ്യകെട്ടിടങ്ങളുടെ വസ്തു നികുതി മേൽ പരാമർശിച്ച പ്രകാരം കുറവായി നിർണ്ണയിക്കപ്പെട്ടതായി കാണുന്നു. എന്നാൽ അവയുടെ പൂർത്തീകരണപ്ലാൻ, വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയലുകൾ തുടങ്ങിയവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.(21.02.19 തീയതിയിലെ ഓഡിറ്റ് റിക്വസിഷൻ,ഓഡിറ്റ് എൻക്വയറി നമ്പർ 20/17-18/05.03.19 )

| ക്രമ നം | കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരമുള്ള തറ വിസ്തീർണ്ണം(ച.മീ.) |
|---|---|---|---|
| 1 | ഇബ്രാഹിം ചേനക്കൽ ഹൗസ് | 24/2169 മുതൽ 2183 വരെ | 398.42 |
| 2 | ഷാജി .ഒ.എ,ഓലപുരയ്ക്കൽ മുതൽപ്പേർ | 10/96,98 മുതൽ 115 വരെ | 427.5 |
| 3 | അവറാച്ചൻ,ഓലപുരയ്ക്കൽ | 22/161 മുതൽ 169 വരെ | 131.76 |
| 4 | അഭിജിത്ത്,രേവതി ഹൗസ്, തിരുനെല്ലി | 24/ 551മുതൽ 556വരെ | 157.25 |
| 5 | കമാൽ,ഇറക്കൽ | 24/2152 മുതൽ 2159 വരെ | 256.23 |
| 6 | സൈഫുദ്ദീൻ,പുൽപ്രായകത്ത് | 24/1495 മുതൽ 1501 വരെ | 176.11 |
| 7 | അഷ്റഫ്,ചിങ്ങ്ളി | 24/737 to 778 | 100ച.മീ. മുകളിൽ |
| 8 | വിനോദൻ & അദേഴ്സ് | 24/951മുതൽ 1089 വരെ | 100ച.മീ. മുകളിൽ |
| 9 | വി.എൻ.കെ അഹമ്മദ് | 24/1519 മുതൽ 1554 വരെ | 100ച.മീ. മുകളിൽ |
| 10 | സാന്റ പോൾ | 24/1753 മുതൽ 1776 വരെ | 100ച.മീ. മുകളിൽ |
| 11 | ഷാജി ഓലപുരയ്ക്കൽ | 10/96 മുതൽ 115 വരെ | 100ച.മീ. മുകളിൽ |
| 12 | അബൂബക്കർ വി.പി | 15/976 മുതൽ 1038 വരെ | 100ച.മീ. മുകളിൽ |
| 13 | മുഹമ്മദ് നബീൽ | 15/902 മുതൽ 966 വരെ | 100ച.മീ. മുകളിൽ |

100 m2 ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് ₹80/-ന് പകരം ₹60/- നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചത് കാരണം നഗരസഭയ്ക്ക് നഷ്ടം

സംഭവിച്ചിട്ടുണ്ട്. ആയതിനാൽ മേൽ വിവരിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി നിയമാനുസൃതം പുനർ നിർണ്ണയിച്ച് നഷ്ടം വന്ന നികുതി തുക ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 2-10 കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിന് ചട്ടപ്രകാരമുള്ള സമയ പരിധി പാലിക്കുന്നില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൻമേൽ 30 ദിവസത്തിനകം സെക്രട്ടറി അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യുന്നതിന്റെ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്. എന്നാൽ പെർമിറ്റ് അനുവദിക്കുന്നതിന് ഈ സമയ പരിധി പാലിക്കുന്നില്ല എന്ന് നഗരസഭയുടെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. രജിസ്റ്റർ പ്രകാരം ഓഡിറ്റ് വർഷം 1218 അപേക്ഷകൾ ലഭിച്ചതിൽ 529 അപേക്ഷകൾക്ക് മാത്രമാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. അപേക്ഷ ലഭിച്ചതിന്റെയും പെർമിറ്റ് അനുവദിച്ചതിന്റെയും ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | രജി. പേജ് നം | അപേക്ഷ നം/തിയ്യതി | പേര് | പെർമിറ്റ് നം | പെർമിറ്റ് അനുവദിച്ച തിയ്യതി |
|---|---|---|---|---|---|
| 1 | 4(I) | 8308/12.4.17 | മനോജ് കുമാർ | BA-372/17-18 | 10.11.17 |
| 2 | 6(I) | 8578/19.4.17 | അബ്ദുൾ സമീർ | BA-366/17-18 | 09.11.17 |
| 3 | 8(I) | 8813/24.4.17 | ഹരീന്ദ്രൻ.സി | BA-290/17-18 | 22.09.17 |
| 4 | 18(I) | 9740/6.5.17 | സൈനബ | BA-377/17-18 | 14.11.17 |
| 5 | 19(1) | 9765/6.5.17 | സലോമി | BA-253/17-18 | 24.08.17 |

പെർമിറ്റ് അപേക്ഷകൾ ലഭിച്ചതിന്റെയും അനുവദിച്ചതിന്റെയും നിരസിച്ചതിന്റെയും വിവരം രജിസ്റ്ററിൽ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല. മേൽ വിവരിച്ചതിൽ നിന്നും കെട്ടിട നിർമ്മാണ പെർമ്മിറ്റ് അനുവദിക്കുന്നതിൽ നിയമാനുസൃത സമയ ക്ളിപ്തത പാലിക്കുന്നില്ലായെന്ന് കാണാവുന്നതാണ്.കൂടാതെ അപേക്ഷകൾ ലഭിക്കുന്ന ക്രമത്തിനനുസരിച്ച് തീർപ്പാക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യം തുടർ നടപടികൾക്കായി നഗരസഭ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 -ൽ നിഷ്കർഷിച്ചിട്ടുള്ള സമയ ക്ലിപ്തത പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 2-11 കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമല്ലാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു

1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 34 പ്രകാരം മോട്ടോർ കാറുകളുടെ പാർക്കിംഗിനു വേണ്ടി ഒരുക്കിയിരിക്കുന്ന തെരുവ് വിട്ടുള്ള ഒരോ പാർക്കിംഗ് സ്ഥലത്തിന്റെയും വിസ്തീർണ്ണം 15 ച.മീ. കുറയാത്തതായിരിക്കണം(5.5മീ.X2.7മീ.) ഇരു ചക്രവാഹനങ്ങളുടെയും (സൈക്കിൾ അല്ലാത്തവ) സൈക്കിളുകളുടെയും പാർക്കിംഗിനു വേണ്ടി തെരുവ് വിട്ടുള്ള ഓരോ പാർക്കിംഗ് സ്ഥലത്തിനും ആവശ്യമായ വിസ്തീർണ്ണം യഥാക്രമം 3 ച.മീറ്ററും 1.5 ച.മീറ്ററും ആണ്. കൂടാതെ മോട്ടോർ കാറുകളുടെ പാർക്കിനിംഗിനാവശ്യമായ സ്ഥലത്തിന്റെ 25 % -മെങ്കിലും ഇരു ചക്രവാഹനങ്ങളുടെ പാർക്കിംഗിനായി നൽകേണ്ടതാണ്( ചട്ടം 34(4)).

മേൽ ചട്ടത്തിലെ പട്ടിക 5.2 ലെ ക്രമനമ്പർ 1 പ്രകാരം ഭക്ഷണ സൗകര്യമില്ലാത്ത ലോഡ്ജുകൾക്കും ആ സൗകര്യമുള്ള കെട്ടിടങ്ങൾക്കും ആവശ്യമായ പാർക്കിംഗ് സ്ഥലത്തെക്കുറിച്ച് വിശദമാക്കിയിട്ടുണ്ട്. കൂടാതെ ചട്ടത്തിലെ ചട്ടം 33 പട്ടിക 4.1,4.2 എന്നിവ പ്രകാരം 300ച.മീ.-ന് മുകളിലും 1500 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ പ്ലോട്ടിലേക്കുള്ള പ്രവേശന മാർഗ്ഗത്തിന് ചുരുങ്ങിയത് 3.6 മീറ്റർ വീതിയുണ്ടായിരിക്കേണ്ടതാണ്.

സർക്കുലർ നം 12900/ആർ.എ1/15/തസ്വഭവ തിയ്യതി 02/12/15 പ്രകാരം കെട്ടിടനിർമ്മാണം, പൂർത്തീകരണം എന്നിവ സംബന്ധിച്ചുള്ള അപേക്ഷകളിൻ മേൽ എഞ്ചിനീയറിംഗ് വിഭാഗം വിശദമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ഈ റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നം, വിസ്തീർണ്ണം, വില്ലേജ്, കൈവശകാശം, ഉപയോഗക്രമം, എഫ്.എ.ആർ, കവറേജ്, നിലകളുടെ എണ്ണം, പാർക്കിംഗ് സംബന്ധമായ കണക്കാക്കലുകൾ മുതലായവ സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉണ്ടാകേണ്ടതാണെങ്കിലും ഓഡിറ്റിന് ഹാജരാക്കിയ കെട്ടിട നിർമ്മാണ - പൂർത്തീകരണ ഫയലുകളിൽ ഈ വിവരം പൂർണ്ണമായും ലഭ്യമല്ല. ആയതിനാൽ 02.03.2019-ന് നഗരസഭ അധികൃതരോടൊപ്പം ഏതാനും കെട്ടിടങ്ങളിൽ നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ 1999-കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾക്കനുസൃതമല്ലാതെ നിർമ്മിച്ച താഴെ വിവരിച്ച കെട്ടിടത്തിന് നഗരസഭ ഒക്യുപെൻസി സാക്ഷ്യപത്രം നൽകിയതായി കണ്ടു. വിശദാംശം താഴെപ്പറയുന്നു.

<u>കെട്ടിട നം. 07/747-A മുതൽ C വരെ(ബ്രഹ്മ ഹോട്ടൽ,കോട്ടക്കുന്ന് )</u>

നഗരസഭയിലെ കോട്ടക്കുന്ന് എന്ന സ്ഥലത്ത് 1337.40 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള നാല് നിലകളുള്ള വാണിജ്യം-കം- ഹോട്ടൽ കെട്ടിടം നിർമ്മിക്കുന്നതിന് നം. ബി.എ-370/16-17 തീയതി28.11.16( പുതുക്കിയത് ) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ച മേൽ കെട്ടിടത്തിന് നഗരസഭ 12.06.17 -ന് ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിക്കുകയും 07/747-A മുതൽ C വരെ കെട്ടിടനമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. ഒക്യുപെൻസി സാക്ഷ്യപത്രത്തിനായി സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യം-കം- ഹോട്ടൽ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം,കാർപ്പെറ്റ് വിസ്തീർണ്ണം എന്നിവ യഥാക്രമം 1254.22 ച.മീറ്ററും 840.59 ച.മീറ്റർ എന്നിങ്ങനെയാണ്. നഗരസഭ അധികൃതർ മേൽ കെട്ടിടത്തിന് 12.06.17 -ന് ഒക്യുപെൻസി സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഒക്യുപെൻസി സാക്ഷ്യപത്രത്തിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം ഏതെന്ന് വ്യക്തമാക്കിയിട്ടില്ല. പൂർത്തീകരണ പ്ലാനിൽ 12 പാർക്കിംഗ് യൂണിറ്റുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ കെട്ടിടം വാണിജ്യകെട്ടിടമെന്ന് കണക്കാക്കിയാണ് പാർക്കിംഗ് യൂണിറ്റുകൾ കാണിച്ചിട്ടുള്ളത്.(840.59/75=12)ആയത് നഗരസഭ അംഗീകരിച്ച് ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിക്കുകയുണ്ടായി.

എന്നാൽ ഓഡിറ്റ് പരിശോധനയിൽ പ്രസ്തുത കെട്ടിടം ഹോട്ടൽ-കം- ലോഡ്ജ് എന്ന് കാണുകയുണ്ടായി .വാണിജ്യം-കം-ഹോട്ടൽ കെട്ടിടം നിർമ്മിക്കുന്നതിനാണ് നഗരസഭ നിർമ്മാണാനുമതി നൽകിയിട്ടുള്ളത്.കെട്ടിട ഉടമ സമർപ്പിച്ച പൂർത്തീകരണ പ്ലാനിൽ വാണിജ്യം-കം-ഹോട്ടൽ എന്ന ഉപയോഗ ക്രമത്തിൽ നിർമ്മാണം പൂർത്തീകരിച്ചതായി കാണിച്ചിട്ടുണ്ട്. കൂടാതെ പൂർത്തീകരണ പ്ലാനിൽ തറ നിലയിൽ ഹോട്ടൽ(കഫേറ്റീരിയ,അടുക്കള) വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടോയ് ലറ്റ് സൗകര്യമുള്ള ഗസ്റ്റ് മുറികളും ടോയ് ലറ്റ് സൗകര്യമില്ലാത്ത സർവ്വീസ് മുറികളും രണ്ട്,മൂന്ന്,നാല് നിലകളിൽ ഒരേ പോലെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും പ്രസ്തുത കെട്ടിടം ഹോട്ടൽ-കം- ലോഡ്ജ് ആവശ്യങ്ങൾക്കായാണ് നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്.എന്നാൽ ഇക്കാര്യമൊന്നും പരിഗണിക്കാതെയാണ് അധികൃതർ ഉപയോഗ ക്രമം രേഖപ്പെടുത്താതെ ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിച്ചിട്ടുള്ളത്.

1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടങ്ങൾ പ്രകാരം വാണിജ്യആവശ്യങ്ങൾക്കുള്ള കെട്ടിടത്തിനും ഹോട്ടൽ -കം-ലോഡ്ജ് കെട്ടിടത്തിനും ആവശ്യമായ കാർ പാർക്കിംഗ് യൂണിറ്റുകൾ വ്യത്യസ്തമാണ്.ഹോട്ടൽ -കം-ലോഡ്ജ് ആവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് വേണ്ട പാർക്കിംഗ് യൂണിറ്റുകൾ വാണിജ്യആവശ്യങ്ങൾക്കുള്ള കെട്ടിടത്തിന് വേണ്ടതിനെക്കാൾ കൂടുതലാണ്. മേൽ കെട്ടിടത്തിന് ആവശ്യമായ കാർ പാർക്കിംഗ് യൂണിറ്റുകൾ താഴെ വിവരിച്ച പ്രകാരം കണക്കാക്കുന്നു.(1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടങ്ങിലെ ചട്ടം 34 കാണുക)

| കെട്ടിടത്തിന്റെ ഉപയോഗം | വിവരണം(കാർപ്പെറ്റ് വിസ്തീർണ്ണം) | ആകെ | ആവശ്യമായ കാർപാർക്കിംഗ് യൂണിറ്റുകളുടെ എണ്ണം(ചട്ടം 34(2)(1)കാണുക) |
|---|---|---|---|
| (അറ്റാച്ച്ഡ് മുറികൾ)2,3,4 | 16.89 m2( 1 വീതം) | 3 | 9/2.5=4 പാർക്കിംഗ് |

| | | | |
|---|---|---|---|
| നിലകൾ | 15.17 m2(1 വീതം) 17.96 m2(1 വീതം) | മുറികൾ 3 മുറികൾ 3 മുറികൾ | യൂണിറ്റുകൾ (കുളിമുറിയും വാട്ടർ ക്ലോസറ്റ് സൗകര്യവുമുള്ള കാർപ്പെറ്റ് വിസ്തീർണ്ണം 12 ച.മീറ്ററിന് മുകളിലും 20 ചതുരശ്രമീറ്റർ വരെയുള്ള 2.5 മുറിക്ക് ഒരു പാർക്കിംഗ് യൂണിറ്റ് ) |
| ,, | 22.32 m2(2 വീതം) | 6 മുറികൾ | 6/1.5=4 പാർക്കിംഗ് യൂണിറ്റുകൾ (കുളിമുറിയും വാട്ടർ ക്ലോസറ്റ് സൗകര്യവുമുള്ള കാർപ്പെറ്റ് വിസ്തീർണ്ണം 20 ചതുരശ്രമീറ്ററിന് മുകളിലുള്ള മുറികൾക്ക് 1.5മുറികൾക്ക് ഒരു പാർക്കിംഗ് യൂണിറ്റ് എന്നതോതിൽ ) |
| (നോൺ അറ്റാച്ച്ഡ് മുറികൾ)2,3,4 നിലകൾ | 6.61 m2(1 വീതം) | 3 മുറികൾ | 3/6=1 പാർക്കിംഗ് യൂണിറ്റ് (കാർപ്പെറ്റ് വിസ്തീർണ്ണം-5 m2-ന് മുകളിലും 12m2 വരെയുമുള്ള 6 മുറികൾക്ക് ഒരു പാർക്കിംഗ് യൂണിറ്റ് എന്നതോതിൽ ) |
| തറ നില-ഹോട്ടൽ | 208.152 m2 | 208.152 m2 | 208.152/20=11 പാർക്കിംഗ് യൂണിറ്റുകൾ (20 ച.മീ. കാർപ്പെറ്റ് |

| | | | |
|---|---|---|---|
| | | | വിസ്തീർണ്ണത്തിന് ഒരു പാർക്കിംഗ് യൂണിറ്റ് എന്ന തോതിൽ) |
| തറ നിലയിലുള്ള അടുക്കള, ഒന്നാം നിലയിലെ റിസപ്ഷൻ (നോൺ അറ്റാച്ച്ഡ് മുറികൾ) | 30.456 m2<br>17.95 m2 | 2 മുറികൾ | 2/3=1 പാർക്കിംഗ് യൂണിറ്റ് (3 മുറികൾക്ക് ഒരു പാർക്കിംഗ് എന്നതോതിൽ ) |
| ആകെ ആവശ്യമുള്ള പാർക്കിംഗ് യൂണിറ്റുകൾ | | | 21 പാർക്കിംഗ് യൂണിറ്റുകൾ |

എന്നാൽ നഗരസഭയിൽ സമർപ്പിച്ച പൂർത്തീകരണപ്ലാനിൽ 12 പാർക്കിംഗ് യൂണിറ്റുകൾ( തറ നിലയിലും ഒന്നാം നിലയിലും 6 വീതം) മാത്രമാണ് കാണിച്ചിട്ടുള്ളത്. ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിക്കുന്നതിന് മുൻപ് കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ചിരുന്നുവെങ്കിൽ പാർക്കിംഗ് സ്ഥലത്തിന്റെ കുറവ് കണ്ടെത്താമായിരുന്നു. പൂർത്തീകരണ പ്ലാനിലെ ഉപയോഗക്രമം സംബന്ധിച്ച് അസി.എൻജിനീയറുടെ വിശദമായ റിപ്പോർട്ട് ലഭ്യമാവാതെ നഗരസഭാ സെക്രട്ടറി കെട്ടിടത്തിന് വ്യക്തമായ ഉപയോഗക്രമം സൂചിപ്പിക്കാതെ ഒക്യുപെൻസി സാക്ഷ്യപത്രം നൽകിയത് ക്രമവിരുദ്ധമാണ്. മേൽ വിഷയത്തിൽ നഗരസഭാ ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഗുരുതരമായ വീഴ്ച്ച സംഭവിച്ചിട്ടുണ്ട്. നിയമാനുസൃതമല്ലാതെ നിർമ്മിച്ച ഈ കെട്ടിടത്തെ, മേൽ ചട്ടങ്ങളിലെ അധ്യായം 20 പ്രകാരം ക്രമവത്ക്കരണം നടത്താൻ സാധിക്കുമെങ്കിൽ അപ്രകാരം ചെയ്യേണ്ടതും അല്ലാത്ത പക്ഷം കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 242 പ്രകാരം നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അതുവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്ന നിരക്കിൽ ഈടാക്കേണ്ടതാണ്. 2017-18 കാലയളവിൽ ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | കെട്ടിടനം | നിലവിൽ ഈടാക്കുന്ന വാർഷിക വസ്തു നികുതി/ ലൈബ്രറി സെസ്(₹) | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി/ ലൈബ്രറി സെസ്(₹) | കുറവ് (₹) |
|---|---|---|---|---|
| 1 | 7/747-A | ₹28,030/1,402 | 84,090/4,206 | 56,060/2,804 |
| 2 | 7/747-B | 4,838/242 | 14,514/726 | 9676/484 |
| 3 | 7/747-C | 50,260/2,514 | 1,50,780/7,542 | 1,00,520/5109 |
| ആകെ | | 83,128/4,158 | 2,49,384/12,474 | 1,66,256/8,316 |

2017-18 വർഷം ഈടാക്കേണ്ടിയിരുന്ന അധിക വസ്തു നികുതി ₹1,66,256/-യും ലൈബ്രറിസെസ് 8316/- രൂപയും പൂർത്തീകരണപ്ലാനും അനുബന്ധ രേഖകളും പരിശോധിച്ച് ഉപയോഗക്രമം സംബന്ധിച്ച് റിപ്പോർട്ട് നൽകേണ്ട അസി.എൻജിനീയറിൽ നിന്നും ആയത് പരിശോധിച്ചുവെന്ന് ഉറപ്പുവരുത്താതെ, ഉപയോഗക്രമം വ്യക്തമാക്കാതെ ഒക്യുപെൻസി സാക്ഷ്യപത്രം അനുവദിച്ച നഗരസഭാ സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

# 2-12 കെട്ടിട വാടക നിയമാനുസൃതമല്ലാതെ ഇളവ് നൽകി-വർഷങ്ങളായുള്ള കുടിശ്ശിക ഈടാക്കിയില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നിയമാനുസൃതമല്ലാതെ ഇളവ് നൽകിയത് മൂലം വർഷങ്ങളായുള്ള വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും വിവിധ വ്യക്തികൾ നിയമാനുസൃതമായ ലേല നടപടികളിലൂടെ കൈവശം വെച്ചു വരുന്നതുമായ വിവിധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ലേല വ്യവസ്ഥകൾക്കും 1998 ലെ കേരള പഞ്ചായത്ത് രാജ് കരാറുകാർക്കും പാട്ടക്കാർക്കും കിഴിവു നൽകൽ ചട്ടങ്ങൾക്കും വിരുദ്ധമായി, പ്രതിമാസ വാടക ഒടുക്കേണ്ട തുകയിൽ ഇളവ് നൽകി ഈടാക്കിയതു കാരണം തനത് ഫണ്ട് വരുമാനത്തിൽ 2006-07 മുതൽ നഷ്ടം സംഭവിച്ചത് സംബന്ധിച്ച് 2006-07 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-7, 2008-09 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4 2012-13 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-8, 2013-14,2014-15 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6, 2015-16 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-8(10(ബി)) എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ്റിപ്പോർട്ട് ലഭിച്ച് വർഷങ്ങൾക്ക് ശേഷവും തുക ഈടാക്കിയതായി കാണുന്നില്ല. മാത്രവുമല്ല തുടർ വർഷങ്ങളിലും യഥാർത്ഥത്തിൽ ഈടാക്കേണ്ടതിലും കുറഞ്ഞ നിരക്കിൽ തന്നെയാണ് വാടക ഈടാക്കിക്കൊണ്ടിരിക്കുന്നത്. 2017-18 വർഷത്തിലും വാടക കുറഞ്ഞ നിരക്കിൽ തന്നെ ഈടാക്കിയതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കൈവശക്കാരന്റെ പേര്/ റൂം നം | 2015-16 ൽ വാങ്ങേണ്ടിയിരുന്ന പ്രതിമാസ വാടക | 2016-17 -ൽ വാങ്ങേണ്ടിയിരുന്ന പ്രതിമാസ വാടക( ഭരണ സമിതി തീരുമാന പ്രകാരം 5% വർദ്ധനവ്) | 2017-18 ൽ വാങ്ങേണ്ടിയിരുന്ന പ്രതിമാസ വാടക ( ഭരണ സമിതി തീരുമാന പ്രകാരം 5% വർദ്ധനവ്) | 2017-18ൽ വാങ്ങിയ പ്രതിമാസ വാടക | 2017-18 ൽ ആകെ നഷ്ടമായ തുക |
|---|---|---|---|---|---|---|
| 1 | ജോർജ്ജ് ജോസഫ്/ ഫിലോമിന ജോർജ്ജ്/ ഷോപ്പിംഗ് സെന്റർ ലോഡ്ജ് | ₹41,348 | ₹43,415 | ₹45,586 | ₹34,743 | ₹1,30,116 |
| 2 | കുഞ്ഞുമുഹമ്മദ്, ഷോപ്പിംഗ് സെന്റർ-10 | ₹3,290 | ₹3455 | ₹3,627 | ₹2,019 | ₹19,296 |
| 3 | പി.പി.ഷറഫുദ്ദീൻ കംഫർട്ട് സ്റ്റേഷൻ റൂം-72(4) | ₹9,398 | ₹9,868 | ₹10,361 | ₹7,770 | ₹31,092 |
| 4 | എം.റ്റി. മുഹമ്മദ് കംഫർട്ട് | ₹8,117 | ₹8,523 | ₹8,949 | ₹6,710 | ₹26,868 |

| | | | | | | |
|---|---|---|---|---|---|---|
| | സ്റ്റേഷൻ റൂം-73(5) | | | | | |
| 5 | നാസീർ,എമ്പസ്സി വീട് കംഫർട്ട് സ്റ്റേഷൻ റൂം-74(6) | ₹12,218 | ₹12,829 | ₹13,470 | ₹10,103 | ₹40,404 |
| 6 | ജോസ് s/o മാത്യു കംഫർട്ട് സ്റ്റേഷൻ റൂം-75(7) | ₹8,595 | ₹9,025 | ₹9,476 | ₹7,105 | ₹28,452 |
| 7 | മേരി സ്കറിയ കംഫർട്ട് സ്റ്റേഷൻ റൂം-78( 8) | ₹5,307 | ₹5,572 | ₹5,851 | ₹2,695 | ₹37,872 |
| 8 | അബ്ദുൾ കരീം എൻ കംഫർട്ട് സ്റ്റേഷൻ റൂ.82(12) | ₹5,307 | ₹5,572 | ₹5,851 | ₹2,695 | ₹37,872 |
| 9 | കെ.റ്റി . അരവിന്ദാക്ഷൻ ബസ്സ് സ്റ്റാന്റ് കോംപ്ലക്സ്-77 | ₹11,503 | ₹12,078 | ₹12,682 | ₹8,080 | ₹55,224 |
| 10 | പി.ജെ.സേവ്യർ മാനിക്കുന് ബിൽഡിംഗ്-56 | ₹23,788 | ₹24,977 | ₹26,226 | ₹22,293 | ₹47,196 |
| 11 | ഉണ്ണികൃഷ്ണൻ ലൈബ്രറി ബിൽഡിംഗ് റും.5 | ₹1,975 | ₹2,074 | ₹2,177 | ₹1,282 | ₹10,740 |
| 12 | പി.കെ.മണികണ്ഠൻ ചുങ്കം ബസ് സ്റ്റാന്റ് റൂം.132(4) | ₹6,032 | ₹6,334 | ₹6,650 | ₹4,491 | ₹25,908 |
| 13 | എം.രാമകൃഷ്ണൻ കോട്ടക്കുന്ന് ഷോപ്പിംഗ് സെന്റർ റൂം 156(4) | ₹5,206 | ₹5,466 | ₹5,740 | ₹4,654 | ₹13,032 |
| | ആകെ | | | | | ₹5,04,072/- |

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 25/2017-18/05 .03.2019, നം. 36/2017-18/07.03.2019 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ നിരക്കിലുള്ള വാടക ഈടാക്കിയതിനാൽ 2017-18 കാലയളവിലുണ്ടായ നഷ്ടം ഉത്തരവാദിത്തപ്പെട്ട സെക്രട്ടറിമാരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 2-13 ആധുനിക മത്സ്യ മാർക്കറ്റ് പ്രവർത്തനക്ഷമമായില്ല

നഗരസഭയിൽ നാഷണൽ ഫിഷറീസ് ഡവലെപ്പ്മെന്റ് ബോർഡിന്റെ സഹായത്തോടെയും കേരള കോസ്റ്റൽ ഏരിയഡവലെപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മേൽനോട്ടത്തിലും പണിത് 06.02.2015 ന് ഉദ്ഘാടനം ചെയ്ത ആധുനിക മത്സ്യമാർക്കറ്റിൽ 8 കട മുറികളും 29 സ്റ്റാളുകളുമാണ് ഉള്ളത്. മൂന്ന് കോടി ചെലവിൽ ചുങ്കത്ത് നിർമ്മിച്ച മത്സ്യമാർക്കറ്റ് നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല.

പുതിയ മാർക്കറ്റിലെ മുറികളും സ്റ്റാളുകളും ലേലം നടത്തുന്നതിനായി ശ്രമിച്ചുവെങ്കിലും നിലവിലെ മാർക്കറ്റുകളിലെ കച്ചവടക്കാർ പ്രതിരോധിച്ചതിനാൽ തുറന്ന ലേലം നടത്താൻ സാധിച്ചില്ല. നഗരസഭ തുടർന്ന് നിലവിലുള്ള മാർക്കറ്റുകളിലെ കച്ചവടക്കാരെ പുതുതായി നിർമ്മിച്ച മത്സ്യമാർക്കറ്റിൽ പുരധിവസിപ്പിക്കുന്നതിന് തീരുമാനിക്കുകയും 27.10.18 -ന് പുരധിവാസ ലേലം നടത്തുകയും ചെയ്തു. (ഭരണ സമിതി തീരുമാനം നം.01/31.08.18). പുനരധിവാസ ലേലത്തിൽ ആകെയുള്ള 8 മുറികളിൽ ഏഴെണ്ണം ₹10,300/-മുതൽ ₹10,500/-

വരെയുള്ള തുകയ്ക്ക് ലേലം കൊണ്ടു .ലേലം ചെയ്ത 29 സ്റ്റാളുകളിൽ 9 എണ്ണം മാത്രമേ നിലവിൽ ലേലത്തിൽ പോയിട്ടുള്ളു.(ലേലം കൊണ്ട തുക ₹5,300/-). എന്നാൽ ഓഡിറ്റ് തീയതി വരെ ആധുനിക മത്സ്യമാർക്കറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആധുനിക മത്സ്യമാർക്കറ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതിരൂപീകരണം നടത്തി

പതിമൂന്നാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് നഗരസഭകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച് 9.1.17 ലെ ജി.ഒ.(എം.എസ്) 11/2017.ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലുമുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)79/2017 ത.സ്വ.ഭ.വ തീ 03.04.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.

മേൽഉത്തരവ് പ്രകാരം നഗരസഭയിൽ 15 വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം രൂപീകരിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്) 11/2017./ത.സ്വ.ഭ.വ/9.1.17 പ്രകാരം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി രൂപീകരിച്ച് ഫോറം 1ലും വിവിധ വർക്കിംഗ് ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത വിവരം ഫോറം നം 2 ലും തയ്യാറാക്കി നഗരസഭയുടെ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട് എന്നത് അഭിനന്ദനാർഹമാണ്.

എന്നാൽ നഗരസഭയിൽ പദ്ധതിരൂപീകരണനടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.നഗരസഭയിൽ വർക്കിംഗ് ഗ്രൂപ്പുകൾ 17.02.17 നാണ് പുനഃസംഘടിപ്പിച്ചത് . വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നഗരസഭയുടെ ഓരോ മേഖലകളിലെയും നിലവിലെ സ്ഥിതി അവലോകനം ചെയ്തതായി കാണുന്നില്ല.

2.സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് 27.2.17 ന് നിർദ്ദേശം നൽകിയെങ്കിലും ഒരു വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലും സ്റ്റാറ്റസ് റിപ്പോർട്ട് സംബന്ധിച്ച് ചർച്ച ചെയ്തിട്ടില്ല.

3.സ്റ്റാറ്റസ് റിപ്പോർട്ടുകളും വികസനരേഖയും തയ്യാറാക്കുന്നത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച നടത്തുകയോ തയ്യാറാക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. 2017-18 ലെ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും തയ്യാറാക്കിയതായി ആസൂത്രണസമിതിയെ ബോധ്യപ്പെടുത്തിയത് എങ്ങനെയെന്ന് വ്യക്തമല്ല. അതുകൊണ്ടുതന്നെ ഇവ നഗരസഭയുടെ യഥാർത്ഥ അവസ്ഥകളെയോ, വികസന കാഴ്ചപ്പാടിനെയോ പ്രതിഫലിപ്പിക്കുന്നില്ല.

4.17.02.17 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഏതാനും പദ്ധതിനിർദ്ദേശങ്ങൾ മാത്രമാണ് നൽകിയത്. വികസനസെമിനാർ നടന്നത് 3.5.17 നാണ്. ഈ വികസനസെമിനാറിൽ ആണ് സ്റ്റാറ്റസ് റിപ്പോർട്ട് അംഗീകരിച്ചത്. അതുകൊണ്ട് തന്നെ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്റ്റ് തയ്യാറാക്കുകയോ, പ്രോജക്റ്റുകൾ വാർഡ് സഭകളിൽ ചർച്ച ചെയ്ത് അന്തിമപദ്ധതിയിലേക്ക് എത്തുകയോ ചെയ്യുന്നില്ല.വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്യാത്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്.

5.വർക്കിംഗ് ഗ്രൂപ്പ് രൂപീകരണയോഗത്തിനും വികസന സെമിനാറിനും ഇടയിൽ മറ്റ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ഇല്ലാത്തതിനാൽ തന്നെ പദ്ധതിരൂപീകരണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല.

6.വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പദ്ധതിനിർദ്ദേശങ്ങൾ, സ്റ്റാറ്റസ് റിപ്പോർട്ട്, കരട് വികസനരേഖ എന്നിവ വാർഡ് സഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല.

7.വിവിധ വിഭവ സമാഹരണസാദ്ധ്യതകൾ പരിഗണിച്ച് പദ്ധതിയുടെ അടങ്കൽ തുക, തദ്ദേശഭരണ സ്ഥാപനത്തിന്റെ മുൻഗണനകൾ എന്നിവ പരിഗണിച്ച് ഓരോ വിഷയ മേഖലയിലേക്കും ഉപമേഖലക്കും വകയിരുത്താവുന്ന അടങ്കൽ തുക പ്രമേയം മുഖേന ഭരണസമിതി തീരുമാനിക്കുകയോ, സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നിർദ്ദേശം നൽകുകയോ, അതനസരിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റികൾ വർക്കിംഗ് ഗ്രൂപ്പുകളോട് പദ്ധതി രൂപീകരിക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.

8.വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. നടപ്പുപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ എഴുതിപൂർത്തീകരിച്ചില്ല.

9.നഗരസഭയിൽ തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളൊന്നും തന്നെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ച ചെയ്തവയല്ല. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്യാത്ത പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്.

10.വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി പദ്ധതിരൂപീകരണം നടത്തിയതും പദ്ധതികൾ നടപ്പാക്കിയതും ക്രമവിരുദ്ധമാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 തനത് ഫണ്ട് ചെലവ് വൗച്ചറുകൾ - രേഖകൾ ക്രമമായി സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് വർഷത്തെ തനത് ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ തൃപ്തികരമായ വിധം സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. വൗച്ചർ ക്രമമായി അടുക്കി സൂക്ഷിക്കാത്തതിനാലും ബന്ധപ്പെട്ട ഫയലുകളില്ലാത്തതിനാലും ഓഡിറ്റ് തൃപ്തികരമായി നടത്തുന്നതിന് സാധിച്ചിട്ടില്ല. രേഖകളിലെ പോരായ്മകൾ വ്യക്തമാക്കുന്ന ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം/ തിയ്യതി | തുക | കുറിപ്പുകൾ |
|---|---|---|---|
| 1 | 21700059/ 17.4.17 | ₹40,055 | പി.എഫ്.തുക തുക അടയ്ക്കാൻ പിൻവലിച്ച തുക ആരുടെയൊക്കെ എന്ന വിവരമില്ല. അടച്ചതിന്റെ വിവരങ്ങളില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 2 | 21700059/ 17.4.17 | ₹78,168 | നഗരകാര്യ ഡയറക്ടർക്ക് അയക്കാനുള്ള തുക. ഇനം വ്യക്തമല്ല. അടച്ചതിന്റെ വിവരങ്ങളില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 3 | 21700106/ 29.4.17 | ₹7,250 | ക്വാർട്ടേഴ്സിൽ താമസിക്കുന്നവർക്ക് ലീവ് സറണ്ടറിന്റെ |

| | | | |
|---|---|---|---|
| | | | എച്ച്.ആർ.എ. തുക നല്കിയത് - 5 പേർക്ക്. ഈ ചെലവ് തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കാരണം നഗരസഭ ക്വാർട്ടേഴ്സിൽ താമസിക്കുന്ന ജീവനക്കാർക്ക് വീട്ടുവാടക ബത്തയ്ക്ക് അർഹതയില്ല. |
| 4 | 31700041/ 11.5.17 | ₹4,11,684 | ശംബള റിക്കവറികൾ അടക്കാനായി പിൻവലിച്ചത്. അടവ് വിവരങ്ങളില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| 5 | 31700045/ 17.5.17 | ₹8,63,099 | പേ റിവിഷൻ അരിയർ, കെ.എസ്.ഇ ബി. ബിൽ തുക എന്നിവ അടയ്ക്കാനായി പിൻവലിച്ച തുക. തുക ചെലവഴിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. |

മേൽപ്പരാമർശിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾക്കാധാരമായ രേഖകളും അവയുമായി ബന്ധപ്പെട്ട ഫയലുകളും ഓഡിറ്റിന് പര്യാപതമായ വിധം തൃപ്തികരമായി സൂക്ഷിക്കാത്തതിനാൽ ഓഡിറ്റ് യഥാവിധം നടത്താൻ കഴിഞ്ഞിട്ടില്ല.

ശംബളം, വേജസ്, അരിയർ എന്നിവ നല്കുന്നതിന് അക്വിറ്റൻസ് സൂക്ഷിക്കുന്നില്ല. തുകകൾ ബാങ്ക് അക്കൗണ്ടിലേക്കാണ് നല്കുന്നതെങ്കിൽ അതിന്റെ വിവരങ്ങൾ ബില്ലുകളോടൊപ്പം സൂക്ഷിക്കുന്നില്ല. കുറിപ്പുഫയലുകൾ സൂക്ഷിക്കാത്തതിനാൽ ക്ലെയിമുകൾ തിട്ടപ്പെടുത്തിയതിന്റെ കൃത്യത മനസ്സിലാക്കാൻ കഴിയുന്നില്ല.

ശംബള റിക്കവറി തുകകൾ അതാത് അക്കൗണ്ടുകളിൽ ഒടുക്കുന്നതിന് ആധാരമായ രേഖകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല. അതിനാൽ റിക്കവറി തുകകൾ അതാത് അക്കൗണ്ടിൽ അടച്ചുവെന്ന് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്.

വെള്ളക്കരം, തെരുവ് വിളക്കുകളുടെ ചാർജ് എന്നിവ ഒടുക്കുന്നുണ്ട് . എന്നാൽ ജല അതോറിറ്റി, കെ.എസ്.ഇ.ബി. എന്നിവയുമായി സംയുക്തപരിശോധന നടത്തി പൊരുത്തപ്പെട്ട എണ്ണം ടാപ്പുകളുടെ/ വിളക്കുകളുടെ ചാർജാണ് ഒടുക്കുന്നതെന്ന് ഉറപ്പാക്കുന്നില്ല.

മേൽ പട്ടികയിൽ ക്രമനമ്പർ -1,2,4,5 എന്നിവയിൽ പരാമർശിക്കുന്ന ചെലവ് തുകകൾ 13,93,006/- രൂപ ഓഡിറ്റിൽ താൽകാലികമായി തടസ്സത്തിൽ വെയ്ക്കുന്നു. മേൽ പട്ടിക ക്രമ നമ്പർ 3 -ൽ പരാമർശിക്കുന്ന തുക അനർഹമായി നൽകിയ തുകയാണ്. കാരണം നഗരസഭ ക്വാർട്ടേഴ്സിൽ താമസിക്കുന്ന ആളുകൾക്ക് വീട്ടുവാടക ബത്തയ്ക്ക് അർഹതയില്ല. ആയതിനാൽ അനർഹമായി നല്കിയ തുക 7250/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കണം.

ഓഡിറ്റ് എൻക്വയറി 02/17-18 തീയ്യതി 23.02.2019മുഖേന വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് സെക്രട്ടറി നല്കിയ മറുപടിയിൽ 'ഓഡിറ്റ് റിക്വിസിഷൻ പ്രകാരമുള്ള മുഴുവൻ രേഖകളും തൃപ്തികരമായി സൂക്ഷിച്ചു വരുന്നുണ്ട് ' എന്നും 'മുൻകാലയളവിലെ ജീവനക്കാർ സ്ഥലം മാറിപ്പോയെന്നും, വർഷാന്ത്യത്തെ തിരക്ക് കാരണവും' രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ കഴിയാതെ വന്നതെന്നും, രേഖകൾ ഇനിയും പൂർത്തീകരിച്ച് നല്കാമെന്നും അറിയിച്ചുവെങ്കിലും ഓഡിറ്റ് അവസാനിക്കുന്നതു വരെയും രേഖകൾ തൃപ്തികരമായ വിധം ക്രമീകരിച്ച് ഹാജരാക്കയിട്ടില്ല. ഓഡിറ്റിന് മുൻകൂട്ടി അറിയിപ്പ് നല്കിയിട്ടും , ഓഡിറ്റ് ആരംഭിക്കുന്നതിന് മുൻപായി തന്നെ രേഖകൾ ചിട്ടപ്പെടുത്തിയിട്ടില്ല എന്ന് മാത്രമല്ല നിലവിലും ഈ രേഖകൾ - ബന്ധപ്പെട്ട വൗച്ചറുകളും, അനുബന്ധ രജിസ്റ്ററുകളും ഫയലുകളും – ശരിയാക്കാതെ അവശേഷിക്കുന്ന വിവരം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഇത്തരം ഗൗരവതരമായ അപാകങ്ങൾ ആവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

രേഖകൾ തൃപ്തികരമായി ക്രമപ്പെടുത്തി സൂക്ഷിക്കേണ്ടതും ,അപാകതകളില്ല എന്നുറപ്പാക്കേണ്ടതും ഇത് സംബന്ധിച്ച് വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 3-3 ലൈഫ് പദ്ധതി - ഭവനപൂർത്തീകരണപദ്ധതി നടപ്പാക്കുന്നതിലെ അപാകങ്ങൾ

വിവിധ ഭവന നിർമ്മാണ പദ്ധതികൾ മുഖേന ധനസഹായം അനുവദിച്ച് ,2009-10 മുതൽ 2013-14 വരെ പൂർത്തിയാക്കാത്ത ജനറൽ, പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാർക്ക് ലൈഫ് പദ്ധതിയിൽപ്പെടുത്തി വീടിന്റെ പൂർത്തീകരണത്തിനായി പ്രോജക്ടുകൾ നടപ്പാക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ജനറൽ വിഭാഗക്കാരുടെ ഭവനപൂർത്തീകരണത്തിന് വേണ്ടി മാത്രമാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.

ജനറൽ വിഭാഗത്തിൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ട 59 ഗുണഭോക്താക്കളിൽ നാളിതുവരെ 23 ഗുണഭോക്താക്കൾ മാത്രമാണ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. തൻവർഷം പ്രോജക്ട് നമ്പർ 2/17-18പ്രകാരം ₹73,20,000/- ജനറൽ വിഭാഗത്തിലുള്ളവരുടെ ഭവന പൂർത്തീകരണത്തിനുള്ള ലൈഫ് പദ്ധതിയിൽ ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗഭവനപൂർത്തീകരണത്തിന് ലൈഫ് പദ്ധതി നടപ്പാക്കാൻ 2017-18 വർഷം നടപടികൾ ആരംഭിച്ചെങ്കിലും 2018-19-ലാണ് ധനസഹായം നൽകിയിട്ടുള്ളത്. പട്ടികവർഗ്ഗവിഭാഗക്കാർക്കായുള്ള ലൈഫ് ഭവനപദ്ധതി നടത്തിപ്പ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1.വീടിന്റെ നിലവിലെ അവസ്ഥ പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ധനസഹായം അനുവദിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ഗുണഭോക്താക്കളുടെ വീടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വീടിന്റെ നിലവിലെ അവസ്ഥ പരിഗണിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാത്രമല്ല എസ്റ്റിമേറ്റിന്റെ കൂടെ വീടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടും തയ്യാറാക്കിട്ടില്ല. ഭവനപൂർത്തീകരണം നടത്തേണ്ട വീടിന്റെ പ്ലാൻ, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കുകയോ പരിശോധിക്കുകയോ ചെയ്യാതെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയുമാണ് നടത്തിയിട്ടുള്ളത്. മാത്രമല്ല എസ്റ്റിമേറ്റ് തയ്യാറാക്കാൻ കണക്കാക്കിയ ഡാറ്റ എസ്റ്റിമേറ്റിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2.ജി.ഒ(എം.എസ്.) നം. 196/2017/തസ്വഭവ തിയ്യതി 11.10.17 ഖണ്ഡിക IV പ്രകാരം ഗുണഭോക്താക്കളുടെ വീട് അഞ്ച് അംഗ ഉപസമിതി സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആയത് വാർഡ്തല കർമ്മസമിതി അംഗീകരിക്കേണ്ടതുമാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

3. മേൽ പരാമർശിച്ച ഉത്തരവ് ഖണ്ഡിക VI പ്രകാരം ഗുണഭോക്താക്കളുടെ എസ്റ്റിമേറ്റ് ടി.പി.ടി.എ തയ്യാറാക്കേണ്ടതും ആയത് സ്ഥാപനതല കർമ്മസമിതി അംഗീകരിച്ച് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയതിൽ ഭരണസമിതി അന്തിമ തീരുമാനം കൈകൊള്ളേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

4.ജി.ഒ(എം.എസ്)നം.151/2017/തസ്വഭവ തിയ്യതി 31.07.17 പ്രകാരം അന്തിമ ഗുണഭോക്തൃപട്ടിക നഗരസഭ സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെങ്കിലും പ്രസിദ്ധികരിച്ചില്ല.

മേൽ വിവരിച്ച അപാകങ്ങൾ പരിഹരിക്കേണ്ടതും ഭവനപൂർത്തീകരണത്തിന് അർഹതപ്പെട്ടതിലും കൂടുതൽ തുക അനുവദിക്കുന്നില്ല എന്നുറപ്പ് വരുത്തേണ്ടതുമാണ്.

# 3-4 എസ്.എസ്.എ.ക്ക് വിഹിതം -പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

നഗരസഭയുടെ എസ്.എസ്.എ വിഹിതമിനത്തിൽ, വികസനഫണ്ടിൽ നിന്ന് പ്രോജക്റ്റ് നമ്പർ- 3/18 പ്രകാരം 48 ലക്ഷം രൂപ നഗരസഭാ സെക്രട്ടറി (ട്രഷറി ബിൽ നമ്പർ/തീയതി -4/17-18/30.6.17) ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്.

ജില്ലാ പ്രോജക്റ്റ് ഓഫീസർ 31.06.17 ന് നൽകിയ വിവിധപദ്ധതികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന പത്രികയിൽ തുക വിനിയോഗിക്കേണ്ടുന്ന വിവിധ പ്രവർത്തനങ്ങൾ വിവരിച്ചിട്ടുണ്ട്. പത്രികയിലെ ക്രമനമ്പർ-30,31 എന്നിവ പ്രകാരം യു.പി.സ്കൂളിലെ ഹെഡ് ടീച്ചറെ നിയമിക്കുന്നതിന് ₹9,29,160 യും യു.പി.സ്കൂളിലെ പാർട്ട് ടൈം ഇൻസ്ട്രക്ടറെ നിയമിക്കുന്നതിന് ₹17,88,614 യും വിഹിതം വകയിരുത്തിയിട്ടുണ്ട്. ഏതൊക്കെ സ്കൂളുകളിൽ എത്ര ടീച്ചർമാരെ/ ഇൻസ്ട്രക്ടർമാരെ ആണ് നിയമനം നടത്തിയതെന്ന വിവരവും മറ്റ് തുകകൾ ചെലവഴിച്ചതിന്റെ മോണിട്ടറിംഗ് വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി.നം. 28/17-18 തീയ്യതി 05.03.2019) മറുപടി നൽകിയിട്ടില്ല.വിവരങ്ങളുടെ അഭാവത്തിൽ 48 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-5 അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി-ബാങ്ക് ചാർജ്ജ് ഈടാക്കി

അയ്യങ്കാളി തൊഴിലുറപ്പപദ്ധതിയുടെ ഫണ്ട് സൂക്ഷിച്ചിരിക്കുന്നത് യൂണിയൻ ബാങ്ക് സുൽത്താൻബത്തേരി ശാഖയിലെ 507702010023576 നമ്പർ അക്കൌണ്ടിൽ ആണ്.ഈ അക്കൌണ്ടിലെ ചെലവുവിവരങ്ങൾ പരിശോധിച്ചതിൽ ഓരോ ട്രാൻസാക്ഷനും ബാങ്ക് ചാർജ്ജ് ഈടാക്കിയതായി കണ്ടു. 16.5.2006 ലെ സർക്കുലർ 21/2006.fin. പ്രകാരം ഗവൺമെന്റ് ഉദ്ദേശ്യങ്ങൾക്കുള്ള അക്കൌണ്ടിൽ നിന്ന് ബാങ്ക് ചാർജ്ജ് ഈടാക്കാവുന്നതല്ല. 2017-18 വർഷം ₹49,426 ആണ് ബാങ്ക് ചാർജ്ജ് ഈടാക്കിയിട്ടുണ്ട്. ബാങ്ക് ചാർജ്ജ് ഇനത്തിൽ ഈടാക്കിയ തുക തിരികെ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

# 3-6 മരുന്നുകൾ ലഭ്യമായിട്ടില്ല –ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് (KMSCL) ₹7,69,907/-മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | ബിൽ നമ്പർ/ ചെക്ക് നമ്പർ/ തുക | പ്രഫോർമ ഇൻവോയ്സ് | മുൻകൂർ നൽകിയ തുക |
|---|---|---|---|---|
| 1 | S0100/18 മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് മരുന്ന് വാങ്ങൽ | 1783675/17-18/22.02.18 ₹2,49,996/- | PRF 3953/02.02.18 | ₹2,49,996/- |
| 2 | S0081/18 പെയിൻ & പാലിയേ | 3/17-18/ 10.01.18 ₹5,19,911/- | PRF 2751/08.12.17 | ₹2,70,000/- |
| | | | PRF | ₹30,000/- |

| | | | | |
|---|---|---|---|---|
| | റ്റീവ് കെയർ | | 513/08.12.17 | |
| | | | PRF 2767/09.12.17 | ₹2,19,911/- (കൺസ്യൂമ ബിൾസ്) |
| ആകെ | | | ₹7,69,907/- | |

മരുന്നുകൾ ലഭ്യമാകാത്തതിനാൽ ചെലവ് തുക ₹7,69,907/- തടസ്സത്തിൽ വെക്കുന്നു.

# 3-7 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - പരിധിയിലധികം സബ്സിഡി നല്കിയത് അംഗീകരിക്കുന്നില്ല.

സുൽത്താൻ ബത്തേരി ക്ഷീരവികസന ഓഫീസർ 2017-18-ൽ നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നല്കുന്ന പദ്ധതികളിൽ - രണ്ട് ഗുണഭോക്താക്കൾക്ക് അനുവദനീയമായതിലും അധികം തുക നൽകിയതായി കണ്ടു. .സുൽത്താൻ ബത്തേരി ക്ഷീരസഹകരണസംഘം മുഖേനയാണ് പദ്ധതി നടപ്പാക്കിയത്. സുൽത്താൻ ബത്തേരി ക്ഷീരസഹകരണ സംഘത്തിന്റെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലെ 507701011000171 നമ്പർ അക്കൗണ്ടിൽ തുക വരവ് വെക്കുകയും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തുകയും ചെയ്തു.പൊതുവിഭാഗത്തിനും പട്ടിക വർഗ്ഗ വിഭാഗത്തിനുമായി നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട്നമ്പർ അടങ്കൽ | ട്രഷറി ബിൽ നം./ തിയ്യതി | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 59/18<br>₹20,00,000/<br>(പൊതു വിഭാഗം - ₹17,81,420/- . തനത് ഫണ്ട് - ₹2,18,580/-) | 1/17-18/28.2.18<br><br>തനത് ഫണ്ട് ചെക്ക് നം.001158/20.3.18 | ₹17,81,420<br><br>₹2,18,580 |
| 2 | 60/18<br>₹5,00,000/-<br>(ടി.എസ്.പി. ഫണ്ട് ) | 2 /17-18/ 28.2.18<br>3 /17-18/ 23.3.18 | ₹2,35,155<br>₹1,87,422 |
| | | ആകെ | ₹24,22,577 |

സർക്കാർ ഉത്തരവ് (എം.എസ്.) 80/17/ത.സ്വ.ഭ.വ./ 03.4.17 പ്രകാരം (സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 8.2 ൽ ക്രമ നം.8) ഒരു കർഷകന് പാലിന് സബ്സിഡിയിനത്തിൽ നല്കാവുന്ന പരമാവധി സബ്സിഡി തുക ₹30,000/-യാണ് .എന്നാൽ താഴെപ്പറയുന്ന ക്ഷീരകർഷകർക്ക് അനുവദനീയമായതിൽ കൂടുതൽ സബ്സിഡി തുക അനുവദിച്ചതായി കാണുന്നു.

1. ശ്രീ.ശങ്കരൻ പി.സി., വട്ടുവാടി, മൂലങ്കാവ് - ₹53,037/- (പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ലിസ്റ്റിലെ ക്രമ നം.2)

2. ശ്രീ. റജി ഒ.പി., ഓലപ്പുരക്കൽ -₹33,251/-(പൊതു വിഭാഗക്കാരുടെ ലിസ്റ്റിൽ ക്രമ നം.276)

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൂടുതൽ തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല. അധികം നൽകിയ ₹26,288/- നിർവഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 3-8 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി - ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല.

നഗരസഭാപരിധിയിലെ നെൽകർഷകർക്ക് നെൽകൃഷിസബ്സിഡി നൽകുന്നതിന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ നിർവഹണം കൃഷി ഓഫീസർ ആണ്.സ.ഉ(എം.എസ്).80/2017/ ത.സ്വ.ഭ.വ തിയ്യതി 03.04.17 മാർഗ്ഗരേഖ പ്രകാരം ഹെക്ടറിന് ₹17,000 യും പരമാവധി ₹30,000 യും അനുവദിക്കാവുന്നതാണ്. എന്നാൽ പദ്ധതി തുകയുടെ അപര്യാപ്തത കണക്കിലെടുത്ത് ലഭ്യമായ തുകയിൽ നിന്നും ശരാശരി തുക കണക്കാക്കിയാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുള്ളത്.തൻവർഷം നഗരസഭ ഈ പദ്ധതിക്കുവേണ്ടി ₹38,09,858 ചെലവഴിച്ചിട്ടുണ്ട്. നഗരസഭയിൽ നിന്നും നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് | ബിൽനം./ തിയ്യതി |
|---|---|---|---|---|
| 1 | S-61/18<br>നെൽകൃഷി കൂലിച്ചെലവ് സബ്സിഡി (ജനറൽ) | ₹27,16,200 | ₹27,16,200 | 1). 1/17-18/<br>31.1.18 – ₹4,32,336/-<br>2). 4/17-18/<br>19.2.18- ₹12,85,989/-<br>3). 11/17-18/ 29.3.18- ₹9,97,985/- |
| 2 | S-62/18 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി (എസ്.സി) | ₹3,80,200 | ₹3,80,200 | 1).2/17-18/ 31.1.18– ₹2,36,100/-<br>2) 5/17-18/ 19.2.18- ₹65,380/-<br>3) 7/17-18/ 29.3.18- ₹78720/- |
| 3 | S-63/18 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി (എസ്.ടി) | ₹7,13,458 | ₹7,13,458 | 1)6/17-18/ 31.1.18- ₹2,89,478/-<br>2) 9/17-18/ 29.3.18- ₹4,23,980/- |
| | ആകെ | | ₹38,09,858 | |

മേൽ വിവരിച്ചപ്രകാരം 373 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത കർഷകരുടെ വിവിധ ബാങ്ക് അക്കൗണ്ടിലേക്ക് ആകെ നൽകിയിട്ടുണ്ട്. എന്നാൽ സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് വരവ് വന്നത് സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ നെൽകൃഷിക്കായുള്ള സബ്സിഡി തുക കർഷകർക്ക് ലഭിച്ചു എന്നുറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.സബ്സിഡി തുക മുഴുവനും കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട് എന്നുറപ്പാക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

കൂടാതെ 2017-18വർഷത്തിൽ കൃഷി വകുപ്പ് മുഖേനയും നടപ്പാക്കിയ 'സുസ്ഥിര നെൽകൃഷി' പദ്ധതി പ്രകാരം ₹5,23,935 നെൽകൃഷിക്ക് സബ്സിഡി നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.നഗരസഭയുടെയും കൃഷിവകുപ്പിന്റെയും സബ്സിഡി തുകകൾ കർഷകർക്ക് ലഭിച്ചത് സംബന്ധിച്ച മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

# 3-9 വർക്കിംഗ് ഗ്രൂപ്പിൽ ആവശ്യപ്പെടാത്ത പദ്ധതികൾ- എസ്.സി.പി,ടി.എസ്.പി.ഫണ്ട് ചെലവഴിച്ച് വാങ്ങിയ സാധനങ്ങൾ വിതരണം ചെയ്തിട്ടില്ല.

നഗരസഭയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണംനടത്തുന്നതിനായി എസ്.സി.പി,ടി.എസ്.പി ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.എന്നാൽ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ ആവശ്യമുണ്ടെന്ന് വിവരം വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്യുകയോ പദ്ധതി നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല.പദ്ധതിരൂപീകരണരേഖകൾ പരിശോധിച്ചതിൽ പട്ടികജാതി/പട്ടികവർഗ്ഗവികസന വർക്കിംഗ് ഗ്രൂപ്പിലോ വിദ്യാഭ്യാസം, കല, സംസ്കാരം, കായികം, യുവജനക്ഷേമം വർക്കിംഗ് ഗ്രൂപ്പിലോ ഈ പ്രോജക്ട് സംബന്ധിച്ച് ചർച്ച വന്നിട്ടില്ല. ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയിലോ ,ആരോഗ്യവിദ്യാഭ്യാസസ്റ്റാൻഡിംഗ് കമ്മിറ്റിയിലോ ചർച്ച ചെയ്തിട്ടില്ല.കൂടാതെ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാത്തതിനാൽ ₹ 13,50,000 ചെലവഴിച്ചു വാങ്ങിയ സൈക്കിളുകൾ പൂർണ്ണമായും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. വാങ്ങലുകൾ നടത്തി ഒരു വർഷത്തിന് ശേഷവും 14 സൈക്കിളുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു.ഇത് പ്രത്യേക ഘടകപദ്ധതി ,പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടുകളുടെ ദുരുപയോഗമായി വിലയിരുത്തുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് -എസ്.ടി.വിഭാഗം ഹൈസ്കൂൾ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ (പ്രോജക്ട് നമ്പർ- 173 /18)

ഫണ്ട് -വികസനഫണ്ട്.ടി.എസ്.പി

അടങ്കൽ - ₹12,17,800 /-

ചെലവഴിച്ച തുക -₹12,15,000 /-

ബിൽ നമ്പർ - 5/24.3.18

നിർവഹണം -പ്രിൻസിപ്പൾ,ഗവ.ഹയർസെക്കൻഡറി സ്കൂൾ

2. പ്രോജക്ട് -എസ്.സി.വിഭാഗം ഹൈസ്കൂൾ ,ഹയർസെക്കൻഡറി,വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ(പ്രോജക്ട് നമ്പർ- 172 /18)

ഫണ്ട് -വികസനഫണ്ട്.എസ്.സി.പി

അടങ്കൽ - ₹2,00,000 /-

ചെലവഴിച്ച തുക -₹1,35,000 /-

ബിൽ നമ്പർ - 08/24.3.18

നിർവഹണം - പ്രിൻസിപ്പൾ,ഗവ.ഹയർസെക്കൻഡറി സ്കൂൾ

ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് 162 സൈക്കിളുകളും, എസ്.സി.പി ഫണ്ട് ഉപയോഗിച്ച് 18 സൈക്കിളുകളും കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് എന്റർപ്രൈസസിൽ നിന്ന് ₹7,500 നിരക്കിൽ വാങ്ങിയിട്ടുണ്ട് .വാങ്ങിയതിൽ 166 സൈക്കിളുകൾ നാളിതുവരെയായി വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 14 സൈക്കിളുകൾ വിതരണം ചെയ്തിട്ടില്ല.

സൈക്കിളുകൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ വകുപ്പിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ ഇതേ ആനുകൂല്യം കൈപ്പറ്റിയവരല്ലായെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. സ.ഉ.(എം.എസ്) 80/ 2017 ത.സ്വ.ഭ.വ 03.04.2017 പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് പ്രകാരം സ്കൂൾ അധികൃതർ മുഖേനയായിരുന്നു സൈക്കിളുകൾ വിതരണം ചെയ്യേണ്ടിയിരുന്നത്.എന്നാൽ നിർവഹണോദ്യോഗസ്ഥൻ നേരിട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയാണ് ചെയ്തത്.ഒരു വർഷത്തെ വാറണ്ടിയുള്ള സൈക്കിളുകൾ വാങ്ങിയത് 20.3.18 നാണ്.വിതരണം ചെയ്യാത്ത സൈക്കിളുകളുടെ വാറന്റി കാലാവധി കഴിഞ്ഞിട്ടുമുണ്ട്.

പദ്ധതിനടത്തിപ്പ് പൂർത്തീകരിക്കാത്തത് സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്തിട്ടില്ല . പദ്ധതിനടത്തിപ്പിലെ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി.നം. 10/17-18 തീയ്യതി 28.02.2019)നൽകിയ മറുപടിയിൽ നഗരസഭ തയ്യാറാക്കി നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ആവശ്യത്തിന് ഗുണഭോക്താക്കൾ നിലവിലില്ലാത്തതിനാലാണ് പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തത് എന്നും ഗുണഭോക്തൃലിസ്റ്റ് ലഭ്യമായാലുടൻ പദ്ധതി പൂർത്തീകരിക്കുമെന്നുമാണ് അറിയിച്ചത്.ഇത് അംഗീകരിക്കാവുന്ന മറുപടി അല്ല.ആവശ്യത്തിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ ,വർക്കിംഗ് ഗ്രൂപ്പ് ആവശ്യപ്പെടാതെ പദ്ധതി നടപ്പാക്കിയത് ശരിയല്ല.ഈ സാഹചര്യത്തിൽ വിതരണം ചെയ്യാത്ത 14 സൈക്കിളുകളുടെ വിലയായ ₹ 1,05,000/- ഓഡിറ്റിൽ നിരാകരിക്കുന്നു.മേൽ തുക നിർവഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-10 പട്ടികജാതി വിദ്യാർത്ഥികൾക്ക് നിഘണ്ടു വിതരണം നടത്തിയതിലെ അപാകങ്ങൾ.

നഗരസഭയിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് നിഘണ്ടു വിതരണംനടത്തുന്നതിന് ₹2,00,000/- ചെലവഴിച്ച് വാങ്ങിയ നിഘണ്ടുക്കൾ മുഴുവനും വിതരണം ചെയ്തിട്ടില്ല എന്ന് കാണുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ- 174 /18

പ്രോജക്ട്- പട്ടികജാതി വിദ്യാർത്ഥികൾക്ക് നിഘണ്ടു വിതരണം

ഫണ്ട് -വികസനഫണ്ട്.എസ്.സി.പി

അടങ്കൽ - ₹2,00,000 /-

ചെലവഴിച്ച തുക -₹2,00,000 /-

ബിൽ നമ്പർ -10/24.3.18

നിർവഹണം -പ്രിൻസിപ്പൾ,ഗവ.ഹയർസെക്കൻഡറി സ്കൂൾ

നഗരസഭയിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിതരണം നടത്തുന്നതിന് വേണ്ടി താഴെപ്പറയുന്ന നിഘണ്ടുക്കൾ ₹2,00,000/- ചെലവിൽ കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ബുക്കിന്റെ പേര് | എണ്ണം | ഒന്നിന്റെ വില | ആകെ വില |
|---|---|---|---|---|
| 1 | ശബ്ദതാരാവലി | 64 | ₹1,200 | ₹76,800 |
| 2 | English English Malayalam Hindi Dictionary | 64 | ₹650 | ₹41,600 |
| 3 | English EnglishMalayalam | 64 | ₹1,495 | ₹95,680 |

| | | | | |
|---|---|---|---|---|
| | Dictionary For Advanced Learners | | | |
| 4 | Malayalam English Reverse Dictionary | 64 | ₹450 | ₹28,800 |
| | ആകെ | | | ₹2,42,880 |
| | Discount | | | ₹42,880 |
| | ചെലവ് തുക | | | ₹2,00,000 |

വാങ്ങിയതിൽ 60 സെറ്റ് വിതരണം ചെയ്തിട്ടുണ്ട്. 4 സെറ്റ് വിതരണം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി.നം. 15/17-18 തീയ്യതി 28.02.2019) നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ,ലഭ്യമായിരുന്ന ലിസ്റ്റിലെ ചില ഗുണഭോക്താക്കൾ ബുക്കുകൾ കൈപ്പറ്റാത്തതിനാലും ,മുഴുവൻ ബുക്കുകളും വിതരണം ചെയ്യാനുള്ള ഗുണഭോക്തൃലിസ്റ്റ് ലഭ്യമല്ലാത്തതിനാലുമാണ് പദ്ധതി പൂർത്തീകരിക്കാത്തതെന്നും ഗുണഭോക്തൃലിസ്റ്റ് ലഭ്യമായാലുടൻ പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആവശ്യത്തിന് ഗുണഭോക്താക്കൾ ഉൾപ്പെടുന്ന ഗുണഭോക്തൃലിസ്റ്റ് ലഭ്യമല്ലാതെ വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല.പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ചെലവ് താത്കാലികമായി തടസ്സപ്പെടുത്തുന്നു. വാങ്ങിയ മുഴുവൻ ഡിക്ഷനറികളും അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-11 പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ് ടോപ്പ് വിതരണം- സരക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല.

നഗരസഭയിലെ ഉന്നതവിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥിനികൾക്ക് ലാപ് ടോപ്പ് വിതരണംനടത്തുന്നതിനായി 2017-18 വർഷം ₹2,76,500 ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളെ സംബന്ധിച്ച പൂർണ്ണമായ രേഖകൾ സൂക്ഷിച്ചിട്ടില്ല എന്ന് കണ്ടു. പദ്ധതി സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ- 171 /18

ഫണ്ട് -വികസനഫണ്ട്.(എസ്.സി.പി)

അടങ്കൽ - ₹3,01,800 /-

ചെലവഴിച്ച തുക -₹2,76,500 /-

ബിൽ നമ്പർ - 11/24.3.18

നിർവഹണം -പ്രിൻസിപ്പൾ,ഗവ.ഹയർസെക്കൻഡറി സ്കൂൾ

സ.ഉ.(എം.എസ്)80.2017 ത.സ്വ.ഭ.വ 03.04.2017 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം , പോളിടെക്നിക് എന്നിങ്ങനെയുള്ള കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നല്കാമെങ്കിലും വിദ്യാർത്ഥിയാണെന്ന് സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇതേ ആനുകൂല്യം വകുപ്പിൽ നിന്ന് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രവും, പാരലൽ കോളേജ് വിദ്യാർത്ഥികളാണെങ്കിൽ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതാണ്. വിദ്യാർത്ഥികൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണെന്നുള്ള സാക്ഷ്യപത്രവും വേണ്ടതാണ്.

എന്നാൽ മേൽപ്പറഞ്ഞ യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. ഗുണഭോക്തൃലിസ്റ്റിലുള്ളവർ വിദ്യാർത്ഥികളാണെന്നുള്ള വിവരങ്ങൾ പോലും ഫയലിൽ ഇല്ല.വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി.നം. 11/17-18 തീയ്യതി 28.02.2019)നൽകിയ മറുപടിയിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഗുണഭോക്താക്കൾക്ക് കത്തയച്ചിട്ടുണ്ട് എന്നും വിവരങ്ങൾ എത്രയും പെട്ടെന്ന് ഓഡിറ്റിന് ഹാജരാക്കുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹2,76,500/-യുടെ ചെലവ് ഓഡിറ്റിൽ താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു.മേൽ വിവരിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 3-12 അദ്ധ്യാപകരുടെ യാത്രയയപ്പ് -നഗരസഭാ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് അംഗീകരിക്കുന്നില്ല

നഗരസഭാ പരിധിയിലെ വിദ്യാലയങ്ങളിലെ അധ്യാപകരുടെ സംഗമവും വിരമിക്കുന്ന അധ്യാപകരുടെ യാത്രയയപ്പും നടത്തുന്നതിന് മുനിസിപ്പൽ ഫണ്ടിൽ നിന്ന് ₹98,560 ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നമ്പർ- 178 /18

ഫണ്ടിനം -തനതുഫണ്ട്

അടങ്കൽ - ₹1,00,000/-

ചെലവഴിച്ച തുക -₹98,560/-

ചെക്ക് നമ്പർ - 1783699/28.3.18

നിർവഹണം -പ്രിൻസിപ്പൾ,ഗവ.ഹയർസെക്കൻഡറി സ്കൂൾ

തുക ചെലവഴിച്ചത് ഇപ്രകാരമാണ്

| ക്രമ നം. | ഇനം | ചെലവ് |
|---|---|---|
| 1 | നോട്ടീസ് | ₹1,100 |
| 2 | ബാനർ | ₹1,540 |
| 3 | നോട്ട് പാഡ് | ₹2,100 |
| 4 | പെൻ | ₹2,700 |
| 5 | ചായ ,സ്നാക്സ് | ₹9,720 |
| 6 | യാത്രാബത്ത | ₹3,500 |
| 7 | റെമുണറേഷൻ | ₹5,000 |
| 8 | മെമന്റോ | ₹16,500 |
| 9 | ഭക്ഷണം | ₹43,200 |
| 10 | ലൈറ്റ് & സൌണ്ട് | ₹12,400 |
| 11 | ഫോട്ടോ | ₹800 |
| | ആകെ | ₹98,560 |

അധ്യാപകരുടെ സംഗമം ,യാത്രയയപ്പ് പോലെയുള്ള ചടങ്ങുകൾക്ക് നഗരസഭാഫണ്ട് ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല.വിദ്യാഭ്യാസമേഖലയിൽ വിദ്യാർത്ഥികളുടെ ഉന്നമനത്തിനും കലാകായിക പ്രോത്സാഹനത്തിനും സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ടുകളാണ് 1994 -ലെ കേരള മുനിസിപ്പാലിറ്റി വകുപ്പ് പ്രകാരം നഗരസഭകൾക്ക് നടപ്പാക്കാവുന്ന ചുമതലകൾ .ഓഡിറ്റ് എൻക്വയറി.നം. 14/17-18 തീയ്യതി 28.02.2019 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി ആയി നഗരസഭയിലെ

അദ്ധ്യാപകരുടെ ബൗദ്ധികനിലവാരം ഉയർത്തുന്നതിനുള്ള സെമിനാർ ആണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത് എന്ന് അറിയിച്ചു.മറുപടി അംഗീകരിക്കാവുന്നതല്ല.അദ്ധ്യാപകരുടെ പരിശീലനവും സെമിനാറും പോലെയുള്ള പരിപാടികൾ സംഘടിപ്പിക്കേണ്ടത് വകുപ്പിന്റെ ചുമതല ആയതിനാൽ ₹98,560 യുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.ചെലവു തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്- പൊതു അപാകതകൾ.

അസി. എഞ്ചിനീയർ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകളുടെ വിവരം താഴെ കൊടുക്കുന്നു.

1) അസി.എഞ്ചിനീയറുടെ പേരിൽ സു.ബത്തേരി സർവ്വീസ് സഹകരണ ബാങ്ക് ടൗൺ ശാഖയിലുള്ള അക്കൗണ്ടിൽ (നം.SB005001002689) 31.03.17 ൽ ₹5,46,850/- നീക്കിബാക്കിയുണ്ട്. ഈ തുക ക്യാഷ്ബുക്കിൽ കാണിച്ചിട്ടില്ല. കാഷ് ബുക്കിൽ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. നീക്കിയിരിപ്പ് തുക ഏതാണെന്ന് കണ്ടെത്തി അതാത് വകുപ്പുകളിലേക്ക് ഒടുക്കേണ്ടതാണ്.

2) തനത് ഫണ്ട് വകയിരുത്തി അസി. എഞ്ചിനീയർ നടപ്പാക്കിയ നിരവധി വർക്കുകളുടെ തുക മുനിസിപ്പാൽ സെക്രട്ടറി, ഒരു ചെക്കിൽ നൽകുകയാണ് ചെയ്തിരിക്കുന്നത്. (ഉദാ:- 1) ചെക്ക് നം. 269521/03.07.17, തുക – ₹45,36,129/- മൊത്തം 17 വർക്കുകൾക്കുള്ള ചെക്ക് 2) ചെക്ക് നം. 1783687/06.03.18, തുക – ₹17,79,304/- മൊത്തം 12 വർക്കുകൾക്കുള്ള ചെക്ക് ). എന്നാൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക ലഭിച്ചതെന്നും ഏതൊക്കെ കരാറുകാർക്ക് എങ്ങനെ നൽകിയെന്നും അസി. എഞ്ചിനീയർ ചെക്ക് ഇഷ്യു രജിസ്റ്റർ, ബിൽ രജിസ്റ്റർ,ക്യാഷ് ബുക്ക് എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല.

3) അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകൾ 2017-18- ലെ മുനിസിപ്പാലിറ്റിയുടെ സുലേഖ ചെലവ് പത്രിക പ്രകാരം യോജിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പ്രോജക്ടിന്റെ പേര് | അസി.എഞ്ചിനീയറുടെ കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് | സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 1 | 540/18, 18-ാം ഡിവിഷനിൽ വിവിധ കുടിവെള്ള കിണറുകളുടെ ആഴം കൂട്ടൽ | ₹1,81,003/- [ചെക്ക് നം. 1783660/16-01-2018](തനത് ഫണ്ട്) | 0 |
| 2 | 361/18, 17-ാം ഡിവിഷനിലെ ഷിബു വലിയ കണ്ടത്തിന്റെ വീടിന് സമീപം കിണർ | ₹1,76,473/- [ചെക്ക് നം.1783659/17-18/16-01-2018] (തനത് ഫണ്ട്) | 0 |
| 3 | 389/18,കാവുംകര കുടിവെള്ള പദ്ധതിയുടെ കിണർ ആഴം കൂട്ടി നവീകരിക്കൽ | ₹1,24,851/- [ചെക്ക് നം. 1783657/17-18/16-01-2018](തനത്ഫണ്ട്) | 0 |

4) തൻവർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സൃഷ്ടിച്ച ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയിട്ടില്ല.

5) പദ്ധതി മാർഗ്ഗ രേഖ [ജി.ഒ.(എം.എസ്)നം. 79/2017/തസ്വഭവ, 03.04.2017] അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്കുവിറ്റി ഭൂപടം തയ്യാറാക്കാൻ പദ്ധതി നടപ്പിലാക്കേണ്ടതാണ്. റോഡ് രജിസ്റ്റർ, റോഡ് കണക്കുവിറ്റി ഭൂപടം എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6) 2017-18 വർഷത്തിൽ ടെണ്ടർ ഫോറം സ്റ്റോക്ക്വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്. ടാർ എത്രയും വേഗം ഉപയോഗിച്ച് അറിയിക്കേണ്ടതാണ്.ക് രജിസ്റ്ററും വിൽപ്പന രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോ പ്രവൃത്തിക്കും എത്ര ടെണ്ടർ ഫോറങ്ങൾ വിറ്റിട്ടുണ്ടെന്നും എത്ര ടെണ്ടർ ഫോറങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും, പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫോറം വാങ്ങിയിട്ടുള്ള എല്ലാ കരാറുകാരും ടെണ്ടർ സമർപ്പിച്ചിട്ടുണ്ടോ എന്നും സമർപ്പിച്ച ടെണ്ടർ ഫോറങ്ങൾ എല്ലാം ടെണ്ടർ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നും ആയവ പ്രകാരം മുൻസിപ്പാലിറ്റിക്ക് നഷ്ടമുണ്ടായിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. മുൻസിപ്പാലിറ്റിയുടെ മുദ്ര പതിക്കാത്തതും ക്രമ നമ്പർ ഇല്ലാത്തതുമായ ടെണ്ടർ ഫോറങ്ങളിലാണ് പല പ്രവൃത്തികളുടെയും ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. അതിനാൽ ടെണ്ടർ ഫോറങ്ങൾ ഈ മുൻസിപ്പാലിറ്റിയിൽ നിന്നു തന്നെ വാങ്ങിയവയാണെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

7) തൻവർഷം കരാറുകാർ മുഖേന നടപ്പാക്കിയ ടാറിംഗ് വർക്കുകളുടെ ഫയലുകളിൽ ബിറ്റുമെൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകൾ സൂക്ഷിച്ചിട്ടില്ല. സർക്കുലർ നമ്പർ.ഡി.ബി.3-6512(സി)2013/സി.ഇ/ത.സ്വ.ഭ.വ/03.11.2016 പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഒറിജിനൽ ബിൽ പ്രവൃത്തിഫയലിൽ സൂക്ഷിക്കേണ്ടതാണ്.സർക്കാർ നിർദ്ദേശം പാലിക്കപ്പെടാത്തത് ഗുരുതരവീഴ്ചയാണ്.

8) സബ്സിഡി മാർഗ്ഗരേഖ (ജി.ഒ(എം.എസ്) 80/2017 ത.സ്വ.ഭ.വ/03.04.2017 )പ്രകാരം കുടിവെള്ള പ്രോജക്ടുകളുടെ നിർമ്മാണം പൂർത്തിയായ ശേഷം പ്രോജക്ടുകളുടെ തുടർ നടത്തിപ്പും അറ്റകുറ്റ പണികളുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ, 2017-18- ൽ നടപ്പിലാക്കിയ മുഴുവൻ കുടിവെള്ള പദ്ധതികളുടെയും തുടർ നടത്തിപ്പും അറ്റകുറ്റ പണികളുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് രേഖാമൂലം ഏൽപ്പിച്ച് കൊടുക്കുകയോ നിരീക്ഷിക്കുകയോ ചെയ്തിട്ടില്ല.

9) ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ രേഖകൾ പൂർണ്ണമായി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ തുടർനടപടികൾക്കായി നഗരസഭാഅധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.പോരായ്മകൾ ആവർത്തിക്കാതിരിക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 ടാർ ഉപയോഗിക്കാതെ അവശേഷിക്കുന്നു.

അസി. എഞ്ചിനീയറുടെ 2016-2017 സാമ്പത്തിക വർഷത്തെ ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം HPCL- ൽ നിന്നും വാങ്ങിയ 614 ബാരൽ ടാറിൽ (S-65 VG-30) 21 ബാരൽ ബാക്കിയുണ്ട്. 2016-17- ൽ ബാക്കിയുള്ള 21 ബാരൽ ടാർ ഒരു പ്രവർത്തിക്കും നാളിതുവരെ ഉപയോഗിച്ചിട്ടില്ല. ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2017-2018, 2018-2019 സാമ്പത്തിക വർഷങ്ങളിൽ അസി. എഞ്ചിനീയർ ടാർ വാങ്ങി നൽകിയിട്ടില്ല.ഓഡിറ്റിന്റെ ഭാഗമായി 27/02/2019- ന് നടത്തിയ സ്ഥല പരിശോധനയിൽ 21 ബാരൽ ടാർ (S-65 VG-30) ഉപയോഗിക്കാതെ മുൻസിപ്പാലിറ്റി കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് കണ്ടു. ടാർ ഉപയോഗിക്കാത്തതു സംബന്ധിച്ച അന്വേഷണത്തിന് (നം.32/2017-18/ 06-03-2019)മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപയോഗിക്കാത്ത ടാർ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ഗുണഭോക്തൃ കമ്മിറ്റി പ്രവൃത്തികൾ- ഓവർ ഹെഡ് ചാർജ്ജസ് ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ - നികുതികൾ പൂർണ്ണമായും കുറവ് ചെയ്തിട്ടില്ല- കൺവീനർമാർക്ക് തുക അധികം നൽകിയത് - അംഗീകരിക്കുന്നില്ല.

സർക്കാർ ഉത്തരവ് ( ജി.ഒ(പി) നം. 30/2016/Fin/29.02.2016) പ്രകാരം ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കോൺട്രാക്ടറുടെ ലാഭ വിഹിതം ഒഴിവാക്കേണ്ടതും 7.5% ഓവർ ഹെഡ് ചാർജ്ജസ് ഉൾപ്പെടുത്തേണ്ടതുമാണ്.പ്രവർത്തിയുടെ അളവ് മൂല്യത്തിൻമേൽ നിയമാനുസൃതം ഒടുക്കേണ്ട നികുതികൾ അളവ് മൂല്യത്തിൽ നിന്നും കുറവ് ചെയ്ത് ഒടുക്കുന്നതിനു വേണ്ടിയാണ് എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജസ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പാക്കുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജസ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ നികുതികൾ അടക്കുന്നതിന് വേറെ തുക അനുവദിക്കാൻ പാടുള്ളതല്ല. ഗുണഭോക്തൃ കമ്മിറ്റി നടപ്പിലാക്കിയ പദ്ധതികളുടെ പ്രവർത്തി മൂല്യത്തിൽ നിന്നും നിയമാനുസൃതമായ നികുതികൾ കുറച്ച തുകയാണ് ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് നൽകേണ്ടത്. എന്നാൽ, അസി. എഞ്ചിനീയർ, ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ, PRICE-സോഫ്റ്റ് വെയറിൽ ചെയ്ത എസ്റ്റിമേറ്റുകളിൽ, ഓവർ ഹെഡ് ചാർജ്ജസ് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, അളവ്മൂല്യത്തിൽ നിന്നും നികുതികൾ മുഴുവനും ഈടാക്കാതെയാണ് കൺവീനർക്ക് തുക അനുവദിച്ചിട്ടുള്ളത്.എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജസ് ഉൾപ്പെട്ടതിനാൽ നിയമാനുസൃത നികുതികളായ വാറ്റ്(5%),വരുമാന നികുതി(2%), ക്ഷേമനിധി വിഹിതം(1%) എന്നിവ കുറവ് ചെയ്ത തുകയാണ് കൺവീനർക്ക് അനുവദിക്കേണ്ടിയിരുന്നത്. അസി.എഞ്ചിനീയർ ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കിയ താഴെ വിവരിച്ച പ്രവർത്തികളുടെ അളവ്മൂല്യത്തോടൊപ്പം വാറ്റ്(5%),വരുമാന നികുതി(2%), എന്നീ നികുതികൾ കൂട്ടിയശേഷം അതിൽ നിന്നും വാറ്റ്(5%),വരുമാന നികുതി(2%), ക്ഷേമനിധി വിഹിതം(1%) എന്നിവ കുറച്ച് ബാക്കി തുകയാണ് ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് നൽകിയിട്ടുള്ളത്. (കുടിവെള്ള പ്രവർത്തികളിൽ 10% ഗുണഭോക്തൃ വിഹിതവും കുറച്ചിട്ടുണ്ട്). അതായത്, അളവ്മൂല്യത്തിൽ നിന്നും വരുമാന നികുതി മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. കൂടാതെ ചില പ്രവർത്തികളിൽ അളവ് മൂല്യം പി.എ.സി തുകയ്ക്ക് പരിമിതപ്പെടുത്താതെ ബിൽ തുക കണക്കാക്കിയിട്ടുണ്ട്. അതിനാൽ, ഗുണഭോക്തൃ കമ്മിറ്റി പ്രവർത്തികളിൽ കൺവീനർക്ക് ₹ 2,36,652/- അധികം നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു. വിശദ വിവരം ഈ റിപ്പോർട്ടിന്റെ അനുബന്ധം ആയി കൊടുത്തിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പറും പേരും | എസ്റ്റിമേറ്റ് തുക/ പി.എ.സി (₹) | OH ഉൾപ്പെടെയുള്ള പ്രവർത്തി മൂല്യം (₹) | ഈടാക്കേണ്ട നികുതികൾ (VAT, KCWWF, IT) (₹) | കൺവീനർക്ക് നൽകേണ്ട തുക (₹) | കൺവീനർക്ക് നൽകിയ തുക/ചെക്ക് നമ്പർ (₹) | അധികം നൽകിയത് (₹) |
|---|---|---|---|---|---|---|---|
| 1 | 33-ാം ഡിവിഷനിൽ പൊതു കിണർ ആഴം കൂട്ടൽ - S0381/18 | 1,00,000/- (93,288/-) | 67,634/- | 1)3,416/- 2)676/- 3)1,353/- 5,445/- | 62,189/- | 66,281/- (ചെക്ക് നം. 269096/29-04-2017) | 4,092/- |
| 2 | പാളാക്കര കുടിവെള്ള പദ്ധതിക്ക് വയലിൽ കിണർ - S0362/18 | 2,00,000/- (1,98,126/-) | 1,70,729/- | 1)8,622/- 2)1,707/- 3)3,415/- 13,744/- | 1,56,985/- | 1,67,314/- [ചെക്ക് നം. 2689/22-06-2017] | 10329/- |
| 3 | രാജൻ പുരുന്നൂർ വീടിന് സമീപം പൊതു കിണർ ആഴം കൂട്ടൽ - S0369/18 | 40,000/- (38,222/-) | 38,978/- | 1)1,930/- 2)382/- 3)764/- 3,076/- | 35,146/- (38222-3076) | 36,862/- [ചെക്ക് നം. 269607/09-07-2017] | 1716/- |
| 4 | 11-ാം ഡിവിഷനിൽ പൊതു കിണർ ആഴം കൂട്ടി | 2,00,000/- (1,88,812/-) | 1,72,318/- | 1)8,702/- 2)1,723/- 3)3,446/- 13,871/- | 1,58,447/- | 1,68,872/- [ചെക്ക് നം269633/16-08-2017] | 10425/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | റിംഗ് ഇറക്കൽ - S0364/18 | | | | | | |
| 5 | മണിച്ചിറ കന്ന് കഴൽ കിണർ മോട്ടോർ പൈപ്പ് ലൈൻ - S0559/18 | 2,20,000/- (1,78,233/-) | 1,77,934/- | 1)8,986/- 2)1,779/- 3)3,559/- 14,324/- (ഗുണഭോക്തൃ വിഹിതം 17,793/- രൂപ ഈടാക്കിയിട്ടുണ്ട്) | 1,45,817/- | 1,56,582/- [ചെക്ക് നം. 269629/19-07-2017] | 10765/- |
| 6 | പള്ളിപ്പടി മൈത്രി കടിവെള്ള പദ്ധതി - S0483/18 | 2,00,000/- (1,98,525/-) | 1,88,085/- | 1)9,483/- 2)1,881/- 3)3,762/- 15,126/- (ഗുണഭോക്തൃ വിഹിതം 18,809/- രൂപ ഈടാക്കിയിട്ടുണ്ട്) | 1,54,150/- | 1,65,514/- [ബിൽ നം. 35/17-18/28-09-2017] | 11364/- |
| 7 | ചെട്ടി മൂല കടിവെള്ള പദ്ധതി S0375/18 | 4,00,000/- (3,76,493/-) | 3,65,399/- | 1)18,453/- 2)3,654/- 3)7,308/- 29,415/- (ഗുണഭോക്തൃ വിഹിതം 36,540/- രൂപ ഈടാക്കിയിട്ടുണ്ട്) | 2,99,444/- | 3,21,551/- [ചെക്ക് നം. 269639/25-09-2017] | 22107/- |
| 8 | തേലമ്പറ്റ എസ്.സി കോളനി കിണറുകൾ ആഴം കൂട്ടൽ - S0558/18 | 2,00,000/- (1,89,511/-) | 1,90,829/- | 1)9,570/- 2)1,895/- 3)3,790/- 15,255/- | 1,74,256/- (189511-15255) | 1,84,724/- [ബിൽ നം. 40/17-18/28-09-2017] | 10468/- |
| 9 | നാരങ്ങാ ക്കണ്ടി താഴെ വയലിൽ കിണർ - S0383/18) | 1,20,000/- (1,17,954/-) | 1,07,700/- | 1)5,439/- 2)1,077/- 3)2,154/- 8,670/- | 99,030/- | 1,05,546/- [ചെക്ക് നം. 269639/14-09-2017] | 6516/- |
| 10 | കരുവള്ളി ക്കുന്ന് കടിവെള്ള പദ്ധതി- S0479/18 | 8,75,000/- (8,45,448/-) | 7,49,999/- | 1)37,875 2)7,500/- 3)15,000 60,375 (ഗുണഭോക്തൃ വിഹിതം 75,000 രൂപ ഈടാക്കിയിട്ടുണ്ട്) | 6,14,624/- | 6,27,645 [ബിൽ നം. 53/17-18/28-10-2017,ചെക്ക് നം. 1783654/30-12-2017] | 13021/- |
| 11 | കാപ്പാട് കടിവെള്ള പദ്ധതിക്ക് പുതിയ ടാങ്കം പൈപ്പ് ലൈൻ നീട്ടലും - S0480/18 | 5,00,000/- (4,65,567/-) | 4,44,877/- | 1)22,466 2)4,449/- 3)8,898/- 35,813/- (ഗുണഭോക്തൃ വിഹിതം 44,488 രൂപ ഈടാക്കിയിട്ടുണ്ട്) | 3,64,576/- | 3,91,491/- [ബിൽ നം. 49/17-18/28-10-2017] | 26,915/- |
| 12 | പടിപ്പുര | 2,49,928/- | 2,18,065/- | 1)10,993 | 2,00,156/- | 2,13,704/- | 13,548/- |

| | | | | | | | |
|---|---|---|---|---|---|---|---|
